# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 20, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ-322]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 4216 മുതൽ 4315 വരെ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 4316 മുതൽ 4425 വരെ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : 4426 മുതൽ 4520 വരെ |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : 4521 മുതൽ 4537 വരെ |

### റോഡുകളുടെ വശങ്ങളിൽ പോസ്റ്റുകൾ സ്ഥാപിക്കാൻ അനുമതി

4216. ശ്രീ.കെ.എൻ.എ ഖാദർ
,, ടി.എ.അഹമ്മദ് കബീർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.ടി.ടി.എച്ച്. (ഫൈബർ ടു ദി ഹോം) പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി വിവിധ ടെലിക്കമ്മ്യൂണിക്കേഷൻ കമ്പനികൾ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ടിരുന്നോ; ഏതൊക്കെ കമ്പനികളാണ് ഇപ്രകാരം അനുമതി തേടിയത് എന്നറിയിക്കുമോ;

(ബി) ഇപ്രകാരം പോസ്റ്റുകൾ സ്ഥാപിക്കാൻ അനുമതി നൽകുമ്പോൾ പാലിക്കപ്പെടേണ്ട പ്രധാന വ്യവസ്ഥകൾ ഏതൊക്കെയാണ്; ഇതിനായി നിശ്ചയിച്ച പ്രതിവർഷ വാടക എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ ഇപ്രകാരമുള്ള പോസ്റ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിന് ലഭിച്ച തുകയുടെ കണക്ക് വിശദമാക്കാമോ?

### കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ്

4217. ശ്രീ.സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ടിൽ നിലവിലുള്ള പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്ന് വന്നിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

<u>ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരളാ ലിമിറ്റഡ്</u>

4218. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരളാ ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനം വിശദീകരിക്കുമോ;

(ബി) പ്രസ്തുത കമ്പനിയുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് ഹൈവേ യാത്രകളിൽ കൃത്യമായി പരിപാലനം ഉറപ്പുവരുത്തിയിട്ടുള്ള ടോയ് ലെറ്റ് സൗകര്യം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലങ്ങളിലാണെന്ന് അറിയിക്കുമോ?

<u>പൊതുമരാമത്ത് കരാറുകാരുടെ സമരം</u>

4219. ശ്രീ.ടി. വി. ഇബ്രാഹിം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ ടെണ്ടറുകൾ ബഹിഷ്ക്കരിക്കുന്നത് മൂലം വികസന രംഗത്ത് പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കരാറുകാരുടെ സമരം അവസാനിപ്പിക്കുന്നതിന് വേണ്ടി അവരുടെ പ്രതിനിധികളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>പൊതുമരാമത്ത് പ്രവൃത്തികൾ വഴിയുണ്ടാകുന്ന മാലിന്യം</u>

4220. ശ്രീ.കെ.എൻ.എ ഖാദർ
ഡോ.എം. കെ. മുനീർ
ശ്രീ.പി.കെ.അബ്ദു റബ്ബ്
,, എം. സി. കമറുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നത് മൂലമുണ്ടാകുന്ന മാലിന്യം നീക്കം ചെയ്യുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇത് പാലിക്കപ്പെട്ടില്ലെന്ന് കാണുന്ന പക്ഷം പിഴ ചുമത്തുന്നതിന് സാധിക്കുമോ; ഇതിലേക്കുള്ള പിഴ എപ്രകാരമാണ് നിശ്ചയിക്കുക; പിഴയുടെ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഈയിനത്തിൽ ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ഈടാക്കിയ പിഴയുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

## സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി

4221. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ആയി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## പരാതിപരിഹാരസെൽ

4222. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പരാതിപരിഹാരസെൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

(ബി) നാളിതുവരെ എത്ര പരാതി ഈ സെല്ലിൽ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; ഇനി എത്ര പരാതികളാണ് തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## പൊതുമരാമത്തുമായി ബന്ധപ്പെട്ട നിർമ്മാണ മേഖലയിലുണ്ടായ മാന്ദ്യം

4223. **ശ്രീ.പാറക്കൽ അബ്ദുല്ല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഉയർന്ന ജി.എസ്.ടി. നിരക്കും സാമ്പത്തിക പ്രതിസന്ധിയും കമ്പി-സിമന്റ് എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവും പൊതുമരാമത്തുമായി ബന്ധപ്പെട്ട നിർമ്മാണ മേഖലയിലുണ്ടാക്കിയിട്ടുള്ള മാന്ദ്യം പരിശോധിക്കുകയുണ്ടായോ;

(ബി) പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറിക്കിട്ടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ബാങ്കിൽ നിന്ന് കടമെടുക്കുവാൻ കരാറുകാരോട് നിർദ്ദേശിക്കുകയുണ്ടായോ;

(സി) ടാറിന്റെ അധിക വിലയിൽ ഇരുപത്തിയേഴ് ശതമാനം കരാറുകാർക്ക് നൽകുമെന്ന് സർക്കാർ നൽകിയ ഉറപ്പ് ഒരു വർഷമായിട്ടും പാലിക്കപ്പെടാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്ത് റോഡുനിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

4224. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുനിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണത്തിലെ അപാകതകൾ മൂലം നിശ്ചിത കാലയളവിനുള്ളിൽ റോഡുകൾക്ക് നാശനഷ്ടമുണ്ടായ സാഹചര്യങ്ങളിൽ കരാറുകാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്നിവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) വകുപ്പ് നടത്തുന്ന റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ?

ക്രമക്കേടുകൾ നടത്തിയ എഞ്ചിനീയർമാർക്കെതിരെ നടപടി

4225. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര എഞ്ചിനീയർമാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; അവരുടെ പേരു വിവരവും വഹിച്ചിരുന്ന സ്ഥാനവും പ്രത്യേകം വ്യക്തമാക്കുമോ?

മാതൃകാ സുരക്ഷാ റോഡ് പദ്ധതി

4226. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ സുരക്ഷാ റോഡ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് റോഡുകളിൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കൂടുതൽ റോഡുകളിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിലവാരം

4227. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം പൊതുമരാമത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ അവ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രധാന ജില്ലാ റോഡുകൾ, സംസ്ഥാന പാതകളുടെ നിലവാരത്തിൽ ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>സി.ആർ.എഫ്. പദ്ധതികൾ</u>

4228. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.എഫ് ൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സി.ആർ.എഫ്.ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

<u>ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ</u>

4229. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനടക്കാർക്കും വാഹനയാത്രക്കാർക്കും സുരക്ഷിതമായ യാത്ര സാധ്യമാക്കുന്നതിനും കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) നാഷണൽ ഹൈവേയിൽ ഉണ്ടായിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>റോഡ് നിർമ്മാണത്തിന് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ</u>

4230. ശ്രീ.എൻ. ഷംസുദ്ദീൻ

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.സി.മമ്മൂട്ടി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിന് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും റോഡുകളുടെ ഡ്യൂറബിലിറ്റി ഉറപ്പുവരുത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് നിർമ്മാണ രീതികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, റബ്ബർ എന്നിവയുടെ ഉപയോഗം</u>

4231. ശ്രീ.റ്റി.വി.രാജേഷ്

,, സി.കെ. ഹരീന്ദ്രൻ

,, കാരാട്ട് റസാഖ്

,, പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ മൊത്തം റോഡിന്റെ അൻപത് ശതമാനം പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് നിർബന്ധമായും ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റോഡ് നിർമ്മാണത്തിൽ ഏതളവ് വരെ പ്ലാസ്റ്റിക് ചേർക്കാമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നതെന്ന് അറിയിക്കാമോ;

(സി) റോഡ് നിർമ്മാണത്തിന് കയർ ഭൂവസ്ത്രം, റബ്ബർ മുതലായവ വ്യാപകമായി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>മലയോര ഹൈവേയുടെ നിർമ്മാണം</u>

4232. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേയുടെ നിർമ്മാണം പല സ്ഥലങ്ങളിലും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഭാഗങ്ങളിലാണ് നിർമ്മാണം മുടങ്ങിക്കിടക്കുന്നത് എന്നും ഇത് മുടങ്ങുവാനുണ്ടായ കാരണം എന്താണെന്നതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

<u>മലയോര ഹൈവേയിൽ ഉൾപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണി</u>

4233. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലയോര ഹൈവേ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്ഥലമേറ്റെടുക്കൽ അടക്കമുള്ള നടപടികൾ മൂലം കാലതാമസം നേരിടുമെന്നുള്ളതിനാൽ, പ്രസ്തുത റോഡിൽ ഉൾപ്പെട്ടിട്ടുള്ള പി.ഡബ്ള്യു.ഡി റോഡുകളുടെയടക്കമുള്ളവയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി അനുമതിയും ഫണ്ടും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലയോര ഹൈവേയിൽ ഉൾപ്പെട്ട റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുമോയെന്ന് അറിയിക്കുമോ?

## മലയോരഹൈവേ പദ്ധതിയുടെ പുരോഗതി

4234. ശ്രീ.രാജു എബ്രഹാം

,, എസ്.രാജേന്ദ്രൻ

,, ബി.ഡി. ദേവസ്സി

,, പി.വി. അൻവർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന മൂവായിരത്തി അഞ്ഞൂറ് കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന മലയോര ഹൈവേയ്ക്ക് സാമ്പത്തിക അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) പദ്ധതിക്ക് വേണ്ട സ്ഥലം സൗജന്യമായാണോ ലഭ്യമാക്കുന്നതെന്നും എത്ര ദൂരം ഭൂമി ഇനിയും വിട്ടു കിട്ടുവാനുണ്ടെന്നും അറിയിക്കാമോ; വനഭൂമിയിലൂടെ കടന്ന് പോകുന്ന മലയോരഹൈവെയുടെ സ്ഥലം വനംവകുപ്പിൽ നിന്ന് വിട്ടുകിട്ടിയിട്ടുണ്ടോ;

(സി) പ്രളയത്തെ തുടർന്ന് റോഡിന്റെ അലൈൻമെന്റിൽ മാറ്റം ആവശ്യമായി വന്നിട്ടുണ്ടോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലയോരഹൈവെയുടെ എത്ര ദൂരം പൂർത്തിയായിരുന്നുവെന്ന് അറിയിക്കാമോ?

## റോഡുകളുടെ നിർമ്മാണത്തിൽ പുതിയ രീതി

4235. ശ്രീ.പി.ടി. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടിവരുന്ന ചെലവ് കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ രീതികളാണ് റോഡുകളുടെ നിർമ്മാണങ്ങളിൽ പരീക്ഷിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ?

## റോഡുകളിലെ കയ്യേറ്റങ്ങൾ

4236. ശ്രീ.സജി ചെറിയാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ഉദ്യോഗസ്ഥർ റോഡുകളിലെ പ്രവൃത്തികൾ ആരംഭിക്കുന്ന ഘട്ടത്തിലാണ് ഇവയിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്നത് എന്നതിനാൽ ചില സ്ഥലങ്ങളിൽ പൊതുമരാമത്ത് റോഡിന് ആവശ്യമായ വീതി ലഭിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകൾ സമയബന്ധിതമായി അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ

സേവനം ലഭ്യമല്ലാത്ത സാഹചര്യവുമുണ്ടാകുന്നുണ്ടോ;

(സി) എങ്കിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുമോ എന്നറിയിക്കാമോ?

<u>പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം</u>

4237. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ റോഡുകളിൽ എത്ര ശതമാനം റോഡുകൾ ഇതിനകം പുനർ നിർമ്മിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിനായി ലഭിച്ച സഹായങ്ങൾ വിശദമാക്കുമോ?

<u>മലയോരമേഖലകളിലെ റോഡുകൾ</u>

4238. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരമേഖലയിലെ റോഡുകളിലൂടെ മഴക്കാലങ്ങളിൽ ഉണ്ടാകുന്ന വെള്ളമൊഴുക്ക് മൂലം വളരെ വേഗം ടാറിംഗ് ഇളകി കുഴികൾ രൂപപ്പെട്ട് റോഡുകൾ ഉപയോഗയോഗ്യമല്ലാതായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി യഥാസ്ഥലങ്ങളിൽ കലുങ്കുകളും ഓടകളും നിർമ്മിക്കുന്നതിനും നിലവിലുണ്ടായിരുന്നതും മൂടപ്പെട്ട പോയതുമായവ ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) ശക്തമായ വെള്ളമൊഴുക്കിലും ഈടുനിൽക്കുവാൻ കഴിയുന്ന വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള കോൺക്രീറ്റിംഗ് മലയോര മേഖലകളിലെ റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പ്രളയക്കെടുതിയിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കാൻ അനുവദിച്ച ഫണ്ട്</u>

4239. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ തകർന്ന പി.ഡബ്ല്യൂ.ഡി റോഡുകൾ പുനർനിർമ്മിക്കാൻ പ്രത്യേകമായ ഏതെങ്കിലും ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ചാണോ റോഡുകൾ പുനർനിർമ്മിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>സ്റ്റീൽ ലാറ്റിസ് പാലങ്ങളും തൂക്കുപാലങ്ങളും</u>

4240. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന സ്റ്റീൽ ലാറ്റിസ് പാലങ്ങൾ, തൂക്കുപാലങ്ങൾ തുടങ്ങിയവ നിർമ്മിച്ചു വരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇവ നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് അറിയിക്കുമോ;

(സി) ഇത്തരം പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>പാലങ്ങളുടെ പുനർനിർമ്മാണം</u>

4241. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തിന്റെ കീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഏന്തെല്ലാം നടപടികളാണ് ഇതേ വരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എത്ര പാലങ്ങൾ പുനർനിർമ്മിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

<u>ദേശീയപാത പദ്ധതികൾ</u>

4242. ശ്രീ.ബി.സത്യൻ
ശ്രീമതി യു. പ്രതിഭ
ശ്രീ.പി.കെ. ശശി
,, എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൂർത്തിയാക്കിയ ദേശീയപാത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘകാലമായി പണി പൂർത്തീകരിക്കാതെ കിടക്കുന്ന ബൈപ്പാസുകളുടെയും റെയിൽവേ മേൽപ്പാലങ്ങളുടെയും പണി പൂർത്തീകരിക്കാനായിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കാര്യമായ പുരോഗതി കൈവരിക്കാനായില്ലെന്ന് ആക്ഷേപമുള്ള കരമന-കളിയിക്കാവിള റോഡ് നിർമ്മാണത്തിന്റ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) ദേശീയപാതയിൽ ഏറ്റവും കുരുക്കുണ്ടാകുന്ന ആറ്റിങ്ങൽ, ആലപ്പുഴ എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനുള്ള ബൈപ്പാസുകളുടെ നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ

4243. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) 28/02/2006ലെ G.O(Ms)No. 11/2006/PWD ഉത്തരവിലെ റൂൾ 4(a)(ii)പ്രകാരം ദൂരപരിധി സംബന്ധിച്ച നിബന്ധന മൂലം ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ദൂരപരിധി സംബന്ധിച്ച നിബന്ധനകളിൽ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

മാതൃകാ റെസ്റ്റ് ഹൗസുകൾ

4244. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ജില്ലാ കേന്ദ്രങ്ങളിലുള്ള റെസ്റ്റ് ഹൗസുകൾ നവീകരിച്ച് മാതൃകാ റെസ്റ്റ് ഹൗസുകൾ ആക്കുന്ന പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത മാതൃകാ റെസ്റ്റ് ഹൗസുകളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

എറണാകുളം റസ്റ്റ് ഹൗസിൽ വാടക ഇനത്തിൽ കിട്ടിയ തുക

4245. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 1 മുതൽ 2020 ജനുവരി 1 വരെ എറണാകുളം റസ്റ്റ് ഹൗസിൽ വാടക ഇനത്തിൽ കിട്ടിയ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ മെയിന്റനൻസിനും ജീവനക്കാരുടെ (താൽക്കാലിക ജീവനക്കാരുൾപ്പെടെ) വേതനത്തിനുമായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം റസ്റ്റ് ഹൗസിന്റെ അടിസ്ഥാന സൗകര്യ വികസനം

4246. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം റസ്റ്റ് ഹൗസിന്റെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് ഉയർത്തിക്കൊണ്ട് വരുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ

വന്നശേഷം സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) അതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

വൈ.എം.എ. തെരിയാംകുഴി റോഡ്, മേക്കടമ്പ് മഴുവന്നൂർ റോഡ് പ്രവൃത്തികൾ

4247. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.എഫ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈ.എം.എ. തെരിയാംകുഴി റോഡ്, മേക്കടമ്പ് മഴുവന്നൂർ റോഡ് എന്നീ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നത് വ്യക്തമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ

4248. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന റോഡ് നവീകരണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡിന്റെ സ്ഥിതി

4249. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി തുടങ്ങുന്നതിന് എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയപാത വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഈ പ്രവൃത്തി നടത്താൻ കാലതാമസമുണ്ടെങ്കിൽ ഇതിന് പകരം മറ്റൊരു പ്രവൃത്തി നൽകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

റാന്നി നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

4250. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് ഫണ്ട് അനുവദിച്ചത്; ഇവ ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചു എന്ന് പറയാമോ;

(ബി) ഇവയിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത് എന്നും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതൊക്കെ എന്നും വെളിപ്പെടുത്താമോ;

(സി) അവശേഷിക്കുന്ന റോഡുകളുടെ നിർമ്മാണം ആരംഭിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാമോ;

(ഡി) റോഡുകളുടെ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകൾക്ക് എന്താണ് തടസ്സമെന്നും അറിയിക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

## മണലൂർ പാവറട്ടി സെന്ററിലെ നവീകരണപ്രവൃത്തികൾ

4251. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിൽ കാന നിർമ്മാണം, നടപ്പാത നിർമ്മാണം, സിഗ്നൽ സംവിധാനം, റോഡ് നവീകരണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ

4252. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമരാമത്ത് ഏറ്റെടുക്കണം എന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ട മഞ്ചേരി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദമാക്കുമോ?

## നെന്മാറ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

4253. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്ന് വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ

4254. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ

4255. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതൊക്കെയെന്നും ഓരോ റോഡുകളുടേയും ദൈർഘ്യം എത്രയെന്നും 2016 ന ശേഷം പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി വിനിയോഗിച്ച തുക എത്രയെന്നും വിശദമാക്കുമോ?

മാവനാൽ കുറ്റിമുക്ക്-വട്ടതലമുക്ക് റോഡിന്റെ ശോച്യാവസ്ഥ

4256. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലെ മാവനാൽ കുറ്റിമുക്ക്-വട്ടതലമുക്ക് റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കല്ലടക്ക- ചെർക്കള റോഡിന്റെ എസ്റ്റിമേറ്റ്

4257. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) എസ്റ്റിമേറ്റിൽ റോഡിന്റെ നീളവും വീതിയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) എസ്റ്റിമേറ്റിനു വിരുദ്ധമായി റോഡിന്റെ വീതികൂട്ടിയാണോ ഇപ്പോൾ പ്രവൃത്തി തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് എസ്റ്റിമേറ്റിൽ പറഞ്ഞപ്രകാരം നീളത്തിൽ റോഡ് നിർമ്മിക്കാൻ കഴിയാതെ വരുന്നതിന് കാരണമാകില്ലേ എന്നറിയിക്കാമോ;

(ഇ) ഫണ്ടിന്റെ അഭാവത്തിൽ കുറച്ചുഭാഗം പ്രവൃത്തി ചെയ്യാൻ പറ്റാത്ത അവസ്ഥ വന്നാൽ ആവശ്യമായ

പണം അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത

4258. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഡി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ അലൈൻമെന്റിന് അന്തിമരൂപം ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പാത കടന്ന് പോകുന്ന പഞ്ചായത്തുകൾ സംബന്ധിച്ചും നിർമ്മാണ ഏജൻസിയെ സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

വാമനപുരം-കളമച്ചൽ റോഡ് നവീകരണം

4259. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

G.O.(Rt) No.1013/2019/PWD തീയതി 14/8/2019 പ്രകാരം ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ച വാമനപുരം-കളമച്ചൽ റോഡ് നവീകരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ?

പാലക്കാട് ജില്ലയിലെ റോഡുകളുടെ ബി.എം.ആന്റ് ബി.സി. നിലവാരം

4260. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര റോഡുകൾ ബി.എം.ആന്റ് ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട് എന്നറിയിക്കാമോ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ ഇനി എത്ര റോഡുകൾ ബി.എം.ആന്റ് ബി.സി. നിലവാരത്തിൽ ഉയർത്താനുണ്ട് എന്നറിയിക്കാമോ?

പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ-ശങ്കരമംഗലം ആമയൂർ മുതല റോഡിന്റെ പുനർനിർമ്മാണം

4261. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ-ശങ്കരമംഗലം ആമയൂർ മുതല റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് വളരെയധികം മോശമായ ഈ അവസ്ഥയിൽ പുനർനിർമ്മാണം ഏറ്റവും അടിയന്തരമായി

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ</u>

4262. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും റോഡുകൾ ഗതാഗതയോഗ്യമല്ലാതെ തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; ആയത് ഗതാഗത യോഗ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ആലത്തൂർ നിയോജകമണ്ഡലത്തിലെ ബജറ്റ് വർക്കുകൾ</u>

4263. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് റോഡ്സ് വിഭാഗം മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ ബജറ്റ് വർക്കുകളിലൂടെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) നിലവിൽ പുരോഗമിച്ചുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

<u>എടപ്പറമ്പ-കോളിച്ചാൽ റീച്ചിൽ വനം വകുപ്പിന് പകരം സ്ഥലം</u>

4264. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹിൽ ഹൈവെയുടെ ഭാഗമായ എടപ്പറമ്പ-കോളിച്ചാൽ റീച്ചിൽ എത്ര കിലോമീറ്റർ റിസർവ് വനത്തിലൂടെ കടന്നുപോകണമെന്ന് വിശദമാക്കാമോ;

(ബി) ആയതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) വനം വകുപ്പിന്റെ അനുമതിക്കായി വകുപ്പ് ഓൺലൈൻ അപേക്ഷ സമർപ്പിച്ചപ്പോൾ വനം വകുപ്പിന് നഷ്ടപ്പെടുന്ന സ്ഥലത്തിന് പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്ക് ഉത്തരം നൽകാൻ സാധിക്കാത്തതുമൂലം അനുമതിക്കായുള്ള പ്രോസസ്സിംഗ് തടസ്സപ്പെട്ടിട്ടുള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉന്നതതലത്തിൽ തീരുമാനം കൈക്കൊണ്ട് വനം വകുപ്പിന് നഷ്ടപ്പെടുന്ന സ്ഥലത്തിന് പകരം സ്ഥലം കണ്ടെത്തി നൽകി ഈ തടസ്സം നീക്കി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനം

4265. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയാമോ; വ്യക്തമാക്കുമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ പുനർ നിർമ്മാണം

4266. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ പുനർ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) ആയതിൽ ഇനിയും പൂർത്തീകരിക്കാനുള്ള റോഡുകളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ ബി.എം.&ബി.സി. റോഡുകൾ

4267. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഇനിയും ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കുവാനുള്ള റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പേരും നീളവും ബി.എം.&ബി.സി. ചെയ്യുന്നതിന് എത്ര തുക വേണ്ടിവരും എന്നതും വിശദമാക്കുമോ;

(സി) പ്രസ്തുത റോഡുകൾ ബി.എം.&ബി.സി. ടാറിംഗ് ചെയ്ത് ആധുനിക നിലവാരത്തിൽ ഉയർത്തുന്നതിന് ആവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

കൊയിലാണ്ടി-താമരശ്ശേരി-മുക്കം-എടവണ്ണ-അരീക്കോട് റോഡ് നവീകരണം

4268. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി- താമരശ്ശേരി- മുക്കം-എടവണ്ണ-അരീക്കോട്(കെ.ടി.എം.ഇ.എ) റോഡ് നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി ഡി.പി.ആർ. ഏത് ഏജൻസിയാണ് തയ്യാറാക്കുന്നത്; ഇതിന്റെ നടപടികൾ ഏതുവരെയായി;

(സി) പ്രസ്തുത റോഡ് ഏത് രീതിയിൽ പരിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

## കൊല്ലങ്കോട് ബൈപാസ്

4269. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ബൈപാസ്സ് റോഡിന് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയാണ് ഇതിനായി വകയിരുത്തിയതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത് എന്നും എത്ര തുകയാണ് ഇതിലേയ്ക്കായി ചെലവഴിച്ചത് എന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ ആവശ്യകത മനസ്സിലാക്കി ഈ പദ്ധതി അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ടെർമിനൽ

4270. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ബേ/ബസ് ടെർമിനൽ നിർമ്മാണ പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് എന്നും പ്രവൃത്തി എന്നത്തേക്ക് തുടക്കം കുറിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ?

## മൂരാട് പാലം പുതുക്കി പണിയുന്ന പ്രവൃത്തി

4271. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട് മൂരാട് പാലം പുതുക്കി നാല് വരിയിൽ പണിയുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്റ്റാറ്റസ് വ്യക്തമാക്കാമോ;

(ബി) ദേശീയപാതാ വിഭാഗം പല കാരണങ്ങൾ പറഞ്ഞ് ഈ പ്രവൃത്തി വൈകിപ്പിക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) മേൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് ഇപ്പോഴുള്ള താമസത്തിന് കാരണങ്ങൾ എന്തെല്ലാമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

<u>അരൂർ-ഇടക്കൊച്ചി പാലത്തിന്റെ പുനരുദ്ധാരണം</u>

4272. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ആലപ്പുഴ ജില്ലകളെ ബന്ധിപ്പിച്ച് കൊണ്ട് പഴയ ദേശീയ പാതയിൽ സ്ഥിതി ചെയ്യുന്ന അറുപത് വർഷം പഴക്കമുള്ള അരൂർ-ഇടക്കൊച്ചി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ കൽക്കെട്ടുകളും നടപ്പാതകളും മേൽത്തട്ടിലെ സ്പാനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പട്ടകളുമെല്ലാം നാശത്തിന്റെ വക്കിലാണെന്ന് അറിയിച്ചുകൊണ്ട് നിരവധി തവണ കത്തുകൾ തന്നിട്ടും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും പ്രസ്തുത പാലത്തിന്റെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ പാലം പെയിന്റ് ചെയ്യുവാൻ മാത്രം എത്ര രൂപയാണ് ചെലവാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ പുനരുദ്ധാരണത്തിനായി തുക എന്നത്തേക്ക് വകയിരുത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെ ഭരണാനുമതി</u>

4273. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാലത്തിന്റെ ഭരണാനുമതി എന്ന് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് എന്ന് പാലം നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>കായംകുളം കോയിക്കൽ പടിക്കൽ പാലം</u>

4274. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കോയിക്കൽ പടിക്കൽ പാലം ജീർണ്ണാവസ്ഥയിൽ ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും നടപടികളുടെ പുരോഗതി എന്തൊക്കെയാണ് എന്നും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

4275. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ശോചനീയാവസ്ഥയിൽ ഉള്ളതും വിപുലീകരിക്കേണ്ടതും ആയ പാലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് വേണ്ടിവരുന്ന തുക എത്രയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വിശദമാക്കുമോ;

(സി) മാവേലിക്കര കണ്ടിയൂർ ആറാട്ടുകടവ് പാലം നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; പാലം നിർമ്മാണത്തിനാവശ്യമായ നടപടികൾ വേഗത്തിൽ സ്വീകരിക്കുമോ?

## കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണം

4276. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി പ്രവൃത്തിയുമായ ചേലക്കര നിയോജക മണ്ഡലത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തിക്ക് പൊതുമരാമത്ത് പാലം വിഭാഗം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) പാലക്കാട് റെയിൽവേ ഡിവിഷന് കീഴിൽ വരുന്ന പട്ടാമ്പിക്കടുത്ത് കാരക്കാട് സ്റ്റേഷനോടനുബന്ധിച്ചുള്ള ഭൂമി വിട്ടുകിട്ടുന്നതിന് പൊതുമരാമത്ത് പാലം വിഭാഗം എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ;

(സി) റെയിൽവേയുടെ അനുമതി ലഭ്യമാക്കി, ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## അയനിക്കാട്-കൊയമ്പ്രത്ത്കണ്ടി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്

4277. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അയനിക്കാട്-കൊയമ്പ്രത്ത്കണ്ടി പാലത്തിന്റെ നിലവിലുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം ഡിസൈൻ തയ്യാറാക്കുന്നതിൽ തടസ്സമുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം ഡിസൈൻ തയ്യാറാക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ പുതിയ

ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ വേഗത്തിലാക്കാമോ?

<u>കൊടപ്പറമ്പ് പള്ളിക്കടവ് പാലം പുനർനിർമ്മിക്കാൻ നടപടി</u>

4278. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.കെ.ആന്റണി എം.പി.യുടെ വികസന ഫണ്ടിൽ ഉൾപ്പെടുത്തി അമ്പത് ലക്ഷം രൂപ അനുവദിച്ച് നിർമ്മിച്ച കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിലെ കൊടപ്പറമ്പ് പള്ളിക്കടവ് പാലം 2019-ലെ പ്രളയത്തിൽ തകർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ഏതാണ്ട് പൂർത്തിയായ പാലത്തിന്റെ കോൺട്രാക്ടർക്ക് അർഹമായ നഷ്ടപരിഹാരമോ നിർമ്മാണത്തിന് ചെലവായ തുകയോ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പാലം പുനർനിർമ്മിച്ച് യാത്രായോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>കുറുങ്കോട്ട ദ്വീപിലേയ്ക്കുള്ള പാലം</u>

4279. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ പഞ്ചായത്തിലെ എൺപത്തിനാലോളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കുറുങ്കോട്ട ദ്വീപിലേയ്ക്ക് പാലം നിർമ്മിക്കുവാൻ 2016-17 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയെങ്കിലും കിഫ്ബി മാനദണ്ഡപ്രകാരം ആവശ്യമുള്ള 10 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദ്വീപ് നിവാസികൾക്ക് ഉപകാരപ്രദമാകുന്ന പാലം അനുയോജ്യമായ രീതിയിൽ നിർമ്മിക്കുവാൻ പി.ഡബ്ള്യു.ഡി. വകുപ്പ് മുൻകയ്യെടുക്കുമോ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച പി.ഡബ്ള്യു.ഡി.-ഡി1/27/2020 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>പ്രളയത്തിൽ തകർന്ന നുച്യാട് പാലം</u>

T 4280. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.പി. മാരുടെ ഫണ്ടിൽ നിന്നും എ.കെ.ആന്റണി എം.പി. അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നുച്യാട് പുഴയിൽ പണിത പാലം കഴിഞ്ഞ പ്രളയത്തിൽ തകർന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാലം പുനർ നിർമ്മിക്കാൻ എത്ര തുക വേണ്ടി വരുമെന്നറിയിക്കാമോ; ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തകർന്ന പാലം പണിത കോൺട്രാക്ടർക്ക് നൽകാനുള്ള തുകയിൽ എത്ര നൽകിയിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

## മൂക്കൻപെട്ടി ക്രോസ്‌വേയുടെ പുനർനിർമ്മാണം

4281. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ തകർന്ന പൂഞ്ഞാർ നിയോജക മണ്ഡലത്തിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ അഴുതയാറിന് കുറുകെയുള്ള മൂക്കൻപെട്ടി ക്രോസ്‌വേയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാലത്തിന് നിർമ്മാണ അനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## കോഴിപ്പിള്ളി-പാലിയത്ത്കടവ് പാലം നിർമ്മാണം

4282. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി-പാലിയത്ത്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ D1/350/17 നമ്പർ പ്രകാരമുള്ള ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ 13-11-2019-ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഡി) മണ്ണ് പരിശോധന അടക്കം പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഡിസൈൻ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പാലത്തിന്റെ ആവശ്യകത മുൻനിർത്തി പാലം നിർമ്മാണം ആരംഭിക്കുന്ന നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

## ഇഞ്ചത്തൊട്ടി പാലം നിർമ്മാണത്തിന് അനുമതി

4283. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യത്തിന് ഏറെ ഉപകാരപ്രദവുമായ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച്പ്രൈസ് ഐ.ഡി നം:ആർ.ഡി/2018/7709 പ്രകാരം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രദേശവാസികൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് വേഗത്തിൽ ഭരണാനുമതി നല്കുന്നതിനും തുടർന്ന് ഡിസൈൻ ലഭ്യമാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പാലം നിർമ്മാണം വേഗത്തിലാക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>പനമ്പറ്റക്കടവ് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണം</u>

4284. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പനമ്പറ്റക്കടവ് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സ്ഥലം ഏറ്റടുക്കുന്നതിനുള്ള തുക ഭരണാനുമതി ഉത്തരവിൽ വകയിരുത്തിയിട്ടുണ്ടോ; സ്ഥലമേറ്റെടുപ്പ് നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ 67,55,459/- രൂപ അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>കുതിരവഴിപ്പാലത്തിന്റെ നിർമ്മാണ നടപടികൾ</u>

4285. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുതിരവഴിപ്പാലം നിർമ്മിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് സാങ്കേതികാനുമതി നൽകുന്നതിനായുള്ള ഫയൽ എന്നാണ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയത്; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പാലം നിർമ്മാണത്തിന്റെ ടെണ്ടർ എന്ന് പ്രസിദ്ധപ്പെടുത്തുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>കരമന-കളിയിക്കാവിള പാത വികസനത്തിന്റെ മൂന്നാം ഘട്ടം</u>

4286. **ശ്രീ.വി.എസ്.ശിവകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള പാത വികസനത്തിന്റെ മൂന്നാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച പരാതികൾ കേൾക്കുന്നതിന് അവസരം

നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>കരമന-കളിയിക്കാവിള പാതയിൽ പുനർ നിർമ്മാണ പണി</u>

4287. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള പാതയിൽ പുനർ നിർമ്മാണ പണി നടത്തുന്ന പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള രണ്ടാം ഘട്ടത്തിന്റെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഏത് കമ്പനിക്കാണ് ഇതിന്റെ ടെൻഡർ നൽകിയിട്ടുള്ളത്; ടെൻഡർ നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തൊണെന്ന് അറിയിക്കാമോ;

(സി) ബാലരാമപുരം മുതലുള്ള മൂന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ എന്നറിയിക്കാമോ; എത്ര ഹെക്ടർ സ്ഥലമാണ് ഈ കാര്യത്തിനായി ഏറ്റെടുക്കുവാനുള്ളത്; നഷ്ടപരിഹാരം സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തർക്കങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്ഥലമെടുപ്പ് അടിയന്തരമായി പൂർത്തീകരിച്ച് മൂന്നാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

<u>കുന്നം സർക്കാർ ഹയർസെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം</u>

4288. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കുന്നം സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ മൂന്നുകോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണ സാങ്കേതികാനുമതികൾ ലഭിച്ചിട്ടും ടെൻഡർ നടപടികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>റാന്നി മിനി സിവിൽ സ്റ്റേഷൻ രണ്ടാം ബ്ലോക്കിന്റെ നിർമ്മാണം</u>

4289. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ രണ്ടാം ബ്ലോക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര തുകയാണ് അനുവദിച്ചത്; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; എന്നാണ് ഇതിന് ഭരണാനുമതി ലഭിച്ചത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയോ നിർമ്മാണം നടത്തുകയോ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാങ്കേതികാനുമതി ലഭ്യമാക്കാതിരുന്നതിന്റെ കാരണം

വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള ഫയൽ എന്നാണ് പൊതുമരാമത്ത് സി. ഇ. ഓഫീസിലെത്തിയത്; ഇപ്പോൾ ആരുടെ കൈവശമാണ് ഇത് ഉള്ളത്; വ്യക്തമാക്കാമോ;

(സി) ഫയലിലെ പ്രശ്നങ്ങൾ ഒരുമിച്ച് കണ്ടെത്തി ആയതിന് ഒരേ സമയം പരിഹാരം നിർദ്ദേശിക്കുന്നതിന് പകരം ഓരോ തവണയും ഓരോ പ്രശ്നം പറഞ്ഞ് ഫയൽ മടക്കി അയക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആരാണ് ഇതിന് ഉത്തരവാദി എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിന് അടിയന്തരമായി സാങ്കേതികാനുമതി നൽകി നിർമ്മാണം ടെണ്ടർ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>റാന്നി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം</u>

4290. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്നാണ് ഭരണാനുമതി ലഭിച്ചത് എന്നറിയിക്കാമോ; എത്ര രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്; ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനായുള്ള ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് എത്തിയത്; ഇപ്പോൾ ഈ ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി ഇത് ലഭ്യമാക്കാനും പ്രവൃത്തി ടെൻഡർ ചെയ്യുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ വിശ്രമകേന്ദ്രവും പാർക്കും</u>

4291. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ രാമപുരത്ത് യാത്രക്കാർക്ക് വേണ്ടി നിർമ്മിക്കുന്ന വിശ്രമകേന്ദ്രത്തിന്റെയും പാർക്കിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന കെട്ടിട പ്രവൃത്തികൾ</u>

4292. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് കെട്ടിട വിഭാഗം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധങ്ങളായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഹോസ്റ്റൽ എന്നിവയുടെ കെട്ടിടങ്ങളുടെ നിർമ്മാണം

4293. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഹോസ്റ്റൽ എന്നിവയുടെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവോ; കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും ഓരോന്നിന്റെയും നിർമ്മാണത്തിനായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും അറിയിക്കുമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ; കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

കോട്ടൺഹിൽ സ്കൂളിന് അനുവദിച്ച പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

4294. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വഴുതയ്ക്കാട് ഗവ. കോട്ടൺഹിൽ സ്കൂളിലെ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും നാൽപ്പത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിരുന്നതിനെത്തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരസഭയുടെ ഭാഗത്തുനിന്നുള്ള അലംഭാവം കൊണ്ട് മാത്രം നഗരത്തിലെ പല വികസന പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പിന് നടപ്പിലാക്കാൻ കഴിയാതെ പോകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ചാലക്കുടിയിൽ ഫയർഫോഴ്സിന് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം

4295. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മെക്കാനിക്കൽ വർക്ക്ഷോപ്പ് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ പുറമ്പോക്ക് സ്ഥലമായി കണക്കാക്കിയിട്ടുള്ള സ്ഥലത്തു നിന്നും

ഫയർഫോഴ്സിന് കെട്ടിടം പണിയുന്നതിന് ഭൂമി അനുവദിച്ച നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നെയ്യാറ്റിൻകര സർക്കാർ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം

4296. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സർക്കാർ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ ഹയർസെക്കണ്ടറി വിഭാഗത്തിന് അനുവദിച്ച ഒന്നാം നിലയുടെ നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതിന്റെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

പാലക്കാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

4297. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടത്തിവരുന്നതും നടത്താൻ ഉദ്ദേശിക്കുന്നതുമായ പൊതുമരാമത്ത് (റോഡ്, കെട്ടിട വിഭാഗം) വകുപ്പ് പദ്ധതികളുടെ തൽസ്ഥിതി വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

4298. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിലുൾപ്പെട്ട ഓരോ പ്രവൃത്തിയുടേയും വിശദാംശങ്ങളും തുകയും പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിവരവും നൽകുമോ?

പി.ഡബ്ല്യു.ഡി എഞ്ചിനീയർമാർക്കുള്ള നേര്യമംഗലത്തെ പരിശീലന കേന്ദ്രം

4299. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പി.ഡബ്ല്യു.ഡി എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നാലാം ഘട്ട പ്രവർത്തനങ്ങൾ എവിടെവരെ ആയി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ നാലാംഘട്ടമായി നിർമ്മിക്കുന്ന കൺവെൻഷൻ സെന്ററിന്റേയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) നാലാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന്

വിശദമാക്കാമോ?

<u>കൊല്ലം ആശ്രാമത്തെ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ</u>

4300. ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജക മണ്ഡലത്തിൽ ആശ്രാമത്ത് പൊതുമരാമത്തു വകുപ്പ് നിർമ്മിച്ചിട്ടുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ(ഗ്രേഡ് I) തസ്തികയിലെ നിയമനങ്ങൾ</u>

4301. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (ഗ്രേഡ് I) തസ്തികയിലേക്ക് എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കാറ്റഗറി നമ്പർ 007/2010 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; 19/16/SSIV റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏത് വർഷമാണ് അവസാനിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഡ്രാഫ്റ്റ്സ്മാൻ (ഗ്രേഡ് I) തസ്തികയിലേക്ക് ഇലക്ട്രിക്കൽ സിവിൽ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കാനാവുമ്പോൾ ഇതിന്റെ സമാന തസ്തികയായ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് (ഇലക്ട്രോണിക്സ്) വിഭാഗത്തിൽ യോഗ്യതയുള്ള താഴ്ന്ന തസ്തികയിലുള്ള ജീവനക്കാർക്ക് അപേക്ഷിക്കാൻ പര്യാപ്തമായ രീതിയിൽ സ്പെഷ്യൽ റൂൾ (ഇലക്ട്രോണിക്സ്) ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച പ്രസ്തുത സ്പെഷ്യൽ റൂൾ എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കും എന്നറിയിക്കാമോ?

<u>കൊല്ലം ജില്ലയിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ ക്രമക്കേടുകൾ</u>

4302. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ഭവനനിർമ്മാണ വായ്പ എസ്റ്റിമേറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന് കൈക്കൂലി വാങ്ങിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായ ഏതെങ്കിലും ഫയലുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാലയളവിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നുവെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ കൈക്കൂലി ആരോപണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിലവിൽ സേവനം

ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയൽ കാണാതായതുമായി ബന്ധപ്പെട്ടും കൈക്കൂലി ആരോപണവുമായി ബന്ധപ്പെട്ടും വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ഫയൽ കാണാതായതുമായി ബന്ധപ്പെട്ട് വിവരാവകാശ കമ്മീഷനിൽ നിന്നും എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നടപടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി</u>

4303. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20-ലെ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിലേയ്ക്കായി ഭരണാനുമതിയുള്ള വർക്കുകളായി പ്രഖ്യാപിച്ച പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കുമോ?

<u>സ്ഥലമെടുത്ത വകയിലുള്ള നഷ്ടപരിഹാരം</u>

4304. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി ബൈപ്പാസിന് വേണ്ടി സ്ഥലമെടുത്ത വകയിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ടി കെ. ജെ. ജോസഫ്, കുന്നശ്ശേരി ഹൗസ്, തിരുവമ്പാടി, കോട്ടയം, കേരള ഹൈക്കോടതിയിൽ നിന്നും ഉത്തരവ് സമ്പാദിച്ചതിനുശേഷം നൽകിയ നിവേദനം പരിഗണിച്ച് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ശ്രീ. ജോസഫിന്റെ 12/1/2020-ലെ ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിന്മേലുള്ള ഫയൽ നമ്പർ 1452473 Fin I&PWD/20 & G1/86/2020 PWD ഫയലുകളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് G1/86/2020 ഫയലിൽ ഇതുവരെയുണ്ടായ കാലതാമസത്തിന് കാരണം അറിയിക്കാമോ; എത്രയും വേഗം ശ്രീ കെ.ജെ. ജോസഫിന് നഷ്ടപരിഹാരം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധന</u>

4305. ശ്രീ.എം.ഉമ്മർ

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഫീസ് വർദ്ധിപ്പിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>രജിസ്ട്രേഷൻ വകുപ്പിലെ പുതിയ സേവനങ്ങൾ</u>

4306. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പുതിയ സേവനങ്ങളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുളളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങൾ മൂലം ഇടനിലക്കാരുടെ ഇടപെടലിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ?

<u>രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ സോഷ്യൽ ഓഡിറ്റ്</u>

4307. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകാമോ;

(ബി) സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ലാത്ത ഓഫീസുകളിൽ അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ നടത്തിയ സോഷ്യൽ ഓഡിറ്റിന്റെ വിശദവിരങ്ങൾ നൽകാമോ?

<u>കേരള സ്റ്റാമ്പ് ആക്റ്റിലെ **45** ബി വകുപ്പ് പ്രകാരമുള്ള അണ്ടർ വാല്യുവേഷൻ നടപടികൾ</u>

4308. ശ്രീ.എം.ഉമ്മർ

,, കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാമ്പ് ആക്റ്റിലെ 45 ബി വകുപ്പ് പ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിക്കാനുളള കാലപരിധി എത്രയായാണ് നിശ്ചയിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത ആക്ട് പ്രകാരം രൂപീകരിച്ച ചട്ടങ്ങൾക്ക് അനുസൃതമായി 1986 മുതൽ അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിക്കാൻ ഇടയായ ഭരണപരമായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) 1986 മുതൽ അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിച്ച രജിസ്ട്രേഷനുകൾ ഏത്

നിയമപ്രകാരമാണ് രജിസ്ട്രേഷൻ നടത്തിയിരിക്കുന്നത്;

(ഡി) എങ്കിൽ അന്ന് നിലവിലുണ്ടായിരുന്ന നിയമങ്ങൾക്ക് അനുസൃതമായി രജിസ്ട്രേഷൻ നടത്തിയ പ്രസ്തുത ആധാരങ്ങളുടെ നിയമസാധുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത ആധാരങ്ങൾ രജിസ്ട്രേഷൻ നടത്തിയ സമയത്ത് അതിന്റെ ഫെയർവാല്യുവും രജിസ്ട്രേഷൻ ഫീസും നിശ്ചയിച്ച് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) സ്റ്റാമ്പ് ആക്ടിലെ 45ബി വകുപ്പ് പ്രകാരം 1986 മുതൽ 2008 വരെയുള്ള കാലയളവിലെ അണ്ടർ വാല്യുവേഷൻ കേസുകളിൽ പ്രസ്തുത വകുപ്പ് പ്രകാരം നോട്ടീസ് ലഭിച്ച വ്യക്തികൾ തുക അടച്ചില്ലെങ്കിൽ ആക്ടിലെ 33എ വകുപ്പ് പ്രകാരം ഈ വ്യക്തികളുടെ ആധാരങ്ങൾ ബന്തവസ്സിൽ വയ്ക്കാൻ കളക്ടർക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ വിശദമാക്കാമോ;

(ജി) ആക്ടിലെ 45ബി വകുപ്പും 33എ വകുപ്പും തമ്മിലുള്ള പൊരുത്തമില്ലായ്മ നിയമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം എന്താണെന്ന് അറിയിക്കുമോ?

വസ്തു ആധാരം സ്വയം തയ്യാറാക്കാനുള്ള അനുമതി

4309. ശ്രീ.വി.ഡി.സതീശൻ

,, വി.പി.സജീന്ദ്രൻ

,, റോജി എം. ജോൺ

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു ആധാരം സ്വയം തയ്യാറാക്കാൻ പൊതുജനങ്ങൾക്ക് അനുമതി നൽകിയെങ്കിലും അവർ അതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉത്തരവ് ഇറങ്ങിയശേഷം എത്രപേർ സ്വന്തമായി ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) ആധാരം സ്വയം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ ഉപദേശം നൽകുന്നതിനും അവരുടെ സംശയനിവാരണത്തിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്തവരുടെ എണ്ണം

4310. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ സംസ്ഥാനത്ത് സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ആധാരങ്ങളിൽ മുദ്രപത്രത്തിന്റെ വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കിയതിൽ രജിസ്ട്രേഷൻ വകുപ്പിന് ലഭിച്ച വരുമാനം വർഷം തിരിച്ച് അറിയിക്കാമോ?

## സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം

4311. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഴക്കം ചെന്ന സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര ഓഫീസുകൾ നവീകരിച്ചെന്നും ഇനി നവീകരിക്കാനുള്ളവ എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) രജിസ്ട്രേഷൻ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാനും രജിസ്ട്രേഷൻ രേഖകൾ പഴയവ ഉൾപ്പെടെ എല്ലാം ഡിജിറ്റൈസ് ചെയ്യാനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പനമരം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം

4312. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ പനമരം സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വാടകക്കെട്ടിടത്തിന് പകരം സ്വന്തമായി ഓഫീസ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ അറിയിക്കാമോ?

## സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

4313. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്കായി ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നല്കിയ നടപടി പദ്ധതിയുടെ വിജയത്തിന് ഏറെ പ്രയോജനം ചെയ്തുവെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) നിർദ്ധനരായ ഭൂരഹിതർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നല്കി വാങ്ങുന്ന ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

## കോട്ടിക്കുളം ആർ.ഒ.ബി നിർമ്മാണം

4314. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം ആർ.ഒ.ബി നിർമ്മാണത്തിന് റെയിൽവേ മുന്നോട്ട് വെച്ച എല്ലാ ആവശ്യങ്ങളും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടും പ്രവൃത്തി ടെൻഡർ ചെയ്യാനുള്ള അനുമതിക്കായി നിരവധി തവണ ആർ.ബി.ഡി.സി.കെ റെയിൽവേ അധികാരികൾക്ക് കത്ത് നൽകിയിട്ടും ആയതിന് അനുമതി നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിഫ്ബിയിൽ അനുമതി ലഭ്യമായ മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ ഈ വിഷയത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ നേരിട്ട് ബന്ധപ്പെട്ട് ആയതിന് അനുമതി ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) റെയിൽവേ പ്ലാറ്റ്ഫോം മുറിച്ചു കടക്കുന്ന സംസ്ഥാനത്തെ ഏക റെയിൽവേ ഗേറ്റ് എന്ന നിലയിൽ വർഷങ്ങൾക്ക് മുൻപ് തന്നെ പണി പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവൃത്തിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പഴയ അവസ്ഥയിൽത്തന്നെ തുടരുന്നത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ലൈറ്റ് മെട്രോ പദ്ധതിയുടെ പുരോഗതി</u>

T 4315. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ വിശദപഠന റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) 2017ൽ കേന്ദ്രസർക്കാർ പുതിയ മെട്രോനയം പ്രഖ്യാപിച്ചതോടെ ഡി.എം.ആർ.സി. വിശദപഠന റിപ്പോർട്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) ഡി.എം.ആർ.സി. പദ്ധതിയിൽ നിന്ന് പിൻമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>സ്കൂൾ പ്രവേശനോത്സവവും കുട്ടികളുടെ എണ്ണവും</u>

4316. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നു വന്നിട്ടുള്ള കുട്ടികളുടെ എണ്ണം വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) അടുത്ത വർഷത്തേയ്ക്കുള്ള പ്രവേശനോത്സവത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

<u>സർക്കാർ അദ്ധ്യാപകരുടെ കുട്ടികളെ സർക്കാർ സ്കൂളുകളിൽ ചേർക്കാൻ നടപടി</u>

4317. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ശമ്പളം വാങ്ങി ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ ഒരു വിഭാഗം തങ്ങളുടെ കുട്ടികളെ അൺ എയിഡഡ് സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അന്ത:സത്തക്ക് യോജിക്കാത്തതാണെന്ന വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്ക്</u>

4318. ശ്രീ.ടി.ജെ. വിനോദ്
,, റോജി എം. ജോൺ
,, അന്വപ് ജേക്കബ്
,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ഈ സർക്കാർ നിലവിൽ വന്നശേഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും സാമൂഹ്യ / സാംസ്കാരിക സംഘടനകളുടെ പിന്തുണയോടെയാണോ ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(സി) സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്ക് തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>തൃപ്പൂണിത്തുറ മണ്ഡലത്തിലെ സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്സുകൾ</u>

4319. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറ മണ്ഡലത്തിലെ സ്കൂളുകളിൽ എത്ര സ്മാർട്ട് ക്ലാസ്സുകൾ/കമ്പ്യൂട്ടറുകൾ/ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം സ്കൂൾ തിരിച്ച്, ഐറ്റം തിരിച്ച് അറിയിക്കുമോ?

<u>പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ</u>

4320. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, പി.ടി. തോമസ്
,, സണ്ണി ജോസഫ്
,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഇതിനകം എത്ര സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും എത്ര ക്ലാസ്സ് മുറികളെ ഹൈടെക് ക്ലാസ്സ് മുറികളാക്കുകയും ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് നൂറ് വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്കൂളുകളിൽ ഈ പാക്കേജ് നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതുമൂലം സംസ്ഥാന പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരത്തിൽ ഉണ്ടായിട്ടുള്ള മാറ്റം എന്തെന്ന് വിശദമാക്കുമോ?

## കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ ചോദ്യപേപ്പർ

4321. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞയുടൻ തിരികെ വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ പരീക്ഷ കഴിഞ്ഞ ശേഷം വിദ്യാർത്ഥികളിൽ നിന്ന് ചോദ്യപേപ്പർ നിർബന്ധപൂർവ്വം തിരികെ വാങ്ങുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ചോദ്യപേപ്പർ വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ

4322. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജനനത്തീയതി ഒഴികെ മറ്റ് വിവരങ്ങൾ തിരുത്തുന്നതിനുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേര്,വിലാസം, രക്ഷിതാക്കളുടെ പേര് എന്നിവയിലെ തിരുത്തലുകൾക്ക് ഒന്നാം ക്ലാസ്സിൽ ചേർക്കുമ്പോഴുള്ള രേഖകൾ പ്രകാരം മാത്രമേ കഴിയൂ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതിനാലും മറ്റുപല കാരണങ്ങളാലും രേഖകൾ ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള മറ്റ് രേഖകളും റവന്യൂ അധികാരികളുടെ സാക്ഷ്യപത്രങ്ങളും സഹിതം ഇത്തരം തിരുത്തലുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## എസ്.എസ്.എൽ.സി.ചോദ്യപേപ്പർ സൂക്ഷിക്കാനുള്ള സുരക്ഷാ ക്രമീകരണങ്ങൾ

4323. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ സ്കൂളുകളിൽ തന്നെ സൂക്ഷിക്കാൻ തീരുമാനിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) ഇതിനുവേണ്ടി സ്കൂളുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും സ്ട്രോംഗ് റൂമുകൾ നിർമ്മിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിനായി സർക്കാർ പ്രത്യേകം പണം ചെലവഴിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ചോദ്യപേപ്പർ ട്രഷറികളിലും ബാങ്കുകളിലും സൂക്ഷിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(ഇ) പ്ലസ് ടു പരീക്ഷാ ചോദ്യപേപ്പറുകൾ സ്കൂളുകളിൽ തന്നെ സൂക്ഷിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(എഫ്) ഇതിനുവേണ്ടി സ്കൂളുകളിൽ പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യപേപ്പറുകൾ സൂക്ഷിക്കാൻ സുരക്ഷയും സൗകര്യവും ഇല്ലാത്ത സ്കൂളുകളിൽ പ്ലസ് ടു ചോദ്യപേപ്പറുകൾ എങ്ങനെയാണ് സൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ

4324. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ പേര്, ജനനതീയതി, വിലാസം തുടങ്ങിയ വിവരങ്ങളുടെ തിരുത്തൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പരാതികൾ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്താൻ അപേക്ഷിക്കുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## പൊതു വിദ്യാലയങ്ങളിലെ ഭാഷാ പഠന പദ്ധതികൾ

4325. ശ്രീ.എ. പ്രദീപ്കുമാർ

,, ആർ. രാജേഷ്

,, ഐ.ബി. സതീഷ്

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മലയാള ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഗവേഷണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച എന്റെ മലയാളം പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള ഹലോ ഇംഗ്ലീഷ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഇ) വിദ്യാർത്ഥികളുടെ ഹിന്ദി ഭാഷാ വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ

4326. ശ്രീ.വി.ടി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് കെട്ടിട സൗകര്യമൊരുക്കാൻ ഈ സർക്കാർ 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഇതിൽ ഓരോ വർഷവും എത്ര രൂപ വിനിയോഗിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നല്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിട സൗകര്യമൊരുക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

## പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്തെ ഉന്നമനം

4327. പ്രൊഫ.കെ.യു. അരുണൻ

ശ്രീ.വി. കെ. സി. മമ്മത് കോയ

,, എം. മുകേഷ്

,, കെ.ഡി. പ്രസേനൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള എല്ലാ അവകാശങ്ങളും ലഭ്യമാക്കുന്നതിനും പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ ശിശുസൗഹൃദമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രീ-പ്രൈമറി അദ്ധ്യാപക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനും പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും പ്രീ-പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ട ഊർജ്ജിത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയുടെ യോഗ്യത

4328. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ എച്ച്. എസ്. ടി (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യത സംബന്ധിച്ച് ഭേദഗതികൾ വല്ലതും വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഈ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്താണെന്ന് അറിയിക്കാമോ?

സമന്വയ പദ്ധതി

4329. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമന്വയ വഴിയുള്ള വിദ്യാഭ്യാസ വകുപ്പിലെ സേവനങ്ങൾ നിർത്തിവെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഈ സേവനങ്ങൾ വഴി നിയമനാംഗീകാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

എയ്ഡഡ് സ്കൂൾ പ്രവർത്തനങ്ങളിലെ നിയന്ത്രണങ്ങൾ

4330. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

എയിഡഡ് സ്കൂളുകളിലെ അധിക ഡിവിഷൻ

T 4331. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ ആറ് വിദ്യാർത്ഥികൾ അധികമായി വന്നാൽ മാത്രം പുതിയൊരു ഡിവിഷൻ അനുവദിച്ചാൽ മതിയെന്ന് ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ടോ;

(ബി) നിലവിൽ ഒരു വിദ്യാർത്ഥി വർദ്ധിച്ചാലും അധിക തസ്തിക അനുവദിക്കുന്ന നടപടിയാണോ സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ ഉണ്ടായിരുന്നത്;

(സി) ഇത് സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായി

കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പുതിയ ഉത്തരവിലൂടെ സർക്കാരിന് പ്രതിവർഷം എന്ത് തുകയാണ് ലാഭിക്കുവാൻ സാധിക്കുന്നത്; വിശദമാക്കുമോ?

<u>ഗേൾസ് ഹോസ്റ്റൽ നിർമ്മാണം</u>

4332. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ആർ.എം.എസ്.എ. വഴി നിർമ്മിക്കുന്ന ഗേൾസ് ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

4333. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ സംവിധാനത്തിന് ഘടനാപരമായ മാറ്റം വേണമെന്ന ഹൈക്കോടതി ഫുൾബെഞ്ചിന്റെ ഉത്തരവ് പ്രാബല്യത്തിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് പ്രാബല്യത്തിൽ വരുത്തുമ്പോൾ കേരളത്തിൽ ഉണ്ടാകാനിടയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം ഉണ്ടായേക്കാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എം.എൽ.എ. ഫണ്ട്</u>

4334. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്ന് ഒരു കോടി രൂപ വീതം അനുവദിച്ച സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം കൂടുതൽ വിപുലപ്പെടുത്തുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ട് കൂടി ഇതോടൊപ്പം ചേർക്കുന്നതിനുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; അപ്രകാരം ചേർക്കുവാൻ ധനകാര്യ വകുപ്പിന്റെ അനുമതി നിലവിൽ ഉണ്ടോ;

(ബി) പ്രസ്തുത ശിപാർശ നൽകിയതിനു ശേഷം ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കി നടപടിക്രമങ്ങൾ വേഗത്തിലാക്കുവാനും നിർമ്മാണ അനുമതി മുൻകൂറായി ലഭ്യമാക്കുന്നതിനും വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്ഥാപനങ്ങൾ

4335. പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്ഥാപനങ്ങൾ സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അധ്യാപക തസ്തികകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രിൻസിപ്പാളായി നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപെൻഡ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾ

4336. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കാൻ ഏതൊക്കെ പരിപാടികളാണ് ഈ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പുതിയ ലൈബ്രറികൾ നിർമ്മിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ?

സ്കൂളുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികൾ

4337. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനുള്ള ഏതൊക്ക പരിപാടികളാണ് ഈ സർക്കാർ ഇതുവരെ ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ പരിപാടികൾ എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ;

(സി) വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി ഏതൊക്കെ പദ്ധതികൾ/പരിപാടികളാണ് ഈ സർക്കാർ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ഈ പദ്ധതികൾ/പരിപാടികൾ എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ?

സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

4338. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം കൂടുതൽ കുട്ടികളെ എത്തിക്കുന്നതിന് തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ബി) മധ്യവേനലവധിക്കാലത്ത് തന്നെ സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽത്തന്നെ സ്ഥിര/ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി പദ്ധതികൾ</u>

4339. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന കാഴ്ചപ്പാടോടെ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയ ഹലോ ഇംഗ്ലീഷ് പദ്ധതി വിജയപ്രദമായിരുന്നോ;

(സി) സർക്കാർ സ്കൂളുകൾ പരിപോഷിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുന്നതിനും പാകപ്പിഴകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി</u>

4340. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര സ്കൂളുകൾക്ക് സഹായം അനുവദിച്ചു;

(ബി) ഏതൊക്കെ ഭൗതിക സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഇതേവരെ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇരുന്നൂറ് വർഷം പിന്നിട്ട ഏഴ് പൈതൃക സ്കൂളുകൾക്ക് എന്തൊക്കെ പ്രത്യേക പരിഗണനകളാണ് നൽകിയിട്ടുള്ളത്;

(ഡി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്ക് ഇതിനകം എന്ത് തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് അനുവദിച്ച തുക</u>

4341. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചതെന്നും സ്കൂളുകളെ ഹൈ ടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കുമോ?

## പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം

4342. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയതുകൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് വിദ്യാർത്ഥികളിൽ ഉണ്ടായിട്ടുള്ളതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകൾ

4343. ശ്രീ.വി.ടി.ബൽറാം

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക്കായി എന്ന് പ്രഖ്യാപിക്കുമ്പോഴും പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം പോലുമില്ലാത്ത ഗുരുതരമായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റിയെടുക്കാൻ അഞ്ചു കോടി രൂപ നല്കാൻ തീരുമാനിച്ചിരുന്ന നൂറ്റിനാൽപത്തിയൊന്ന് സ്കൂളുകളിൽ ഇരുപത് ശതമാനം പോലും പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) സ്കൂളുകളുടെ പരിസരം ശുചിയായി സൂക്ഷിക്കാതിരുന്നതും സ്കൂൾ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താതിരുന്നതും മൂലം അപകടങ്ങൾ സംഭവിക്കുന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഹൈ ടെക് പൊതുവിദ്യാലയങ്ങൾ

4344. ശ്രീ.എം. വിൻസെന്റ്

,, കെ.എസ്.ശബരീനാഥൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈ ടെക് ആക്കും എന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കാതെ ഐ.ടി. ഉപകരണങ്ങൾ മാത്രം നൽകിയാൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൊണ്ടുവരാൻ സാധിക്കില്ലെന്നതിനാൽ ഈ രംഗത്ത് ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളെന്തെല്ലാം;

(സി) നൂതനമായ സ്മാർട്ട് ക്ലാസ് റൂം സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് മറ്റ് രാജ്യങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി നമ്മുടെ വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരങ്ങൾ ഇന്ന് ലഭ്യമാണോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഹൈ ടെക് സ്കൂളുകൾക്കുള്ള ഫണ്ട്</u>

4345. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഹൈ ടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ സ്കൂളിലും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളിലെ പ്രവൃത്തികളുടെ പുരോഗതി</u>

4346. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ തുക അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളുടെ പേരും തുകയും അറിയിക്കാമോ;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) മക്കിമല ഗവൺമെന്റ് എൽ.പി.സ്കൂളിന് അനുവദിച്ചത് എത്ര തുകയാണെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

<u>'സേഫ്, ഹെൽത്തി ആന്റ് ഹാപ്പി സ്കൂൾ' പദ്ധതി</u>

4347. **ശ്രീ.റ്റി.വി.രാജേഷ്**

**,,** പി.ടി.എ. റഹീം

**,,** ഒ. ആർ. കേളു

**,,** ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സുരക്ഷയും ആരോഗ്യവും സന്തോഷവും ഉറപ്പാക്കാൻ 'സേഫ് ഹെൽത്തി ആന്റ് ഹാപ്പി സ്കൂൾ' പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ ഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) മുഴുവൻ വിദ്യാലയങ്ങളിലും ഒരു വർഷത്തിനുള്ളിൽ വൃത്തിയുള്ള ശുചിമുറി നിർമ്മിക്കാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(സി) സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി നടത്തി വരുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുവിദ്യാലയങ്ങളുടെ ആസ്തി വികസനത്തിനായി ആവിഷ്കരിച്ച വിവിധ പദ്ധതികളും അവയ്ക്കായി നീക്കിവച്ചിട്ടുള്ള തുകയും അറിയിക്കാമോ?

## ക്ലാസ്റൂം ലൈബ്രറി പദ്ധതി

4348. ശ്രീ.പുരുഷൻ കടലുണ്ടി
,, വി.കെ.പ്രശാന്ത്
ശ്രീമതിവീണാ ജോർജ്ജ്
ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയം കൈവരിച്ചതിനെ തുടർന്ന് മുഴുവൻ കുട്ടികൾക്കും പഠിക്കാനും വികസിക്കാനുമുള്ള അവസരം ലഭ്യമായിട്ടുള്ളത് സാർത്ഥകമാക്കുന്നതിനും വിജ്ഞാനത്തിന്റെ വിശാല വാതായനം തുറന്നുകൊടുക്കുന്നതിനും തിരുവനന്തപുരം ജില്ലയിൽ മാതൃകാപരമായി പൂർത്തിയാക്കിയ സമ്പൂർണ്ണ ക്ലാസ്റൂം ലൈബ്രറി പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി അന്ധവിശ്വാസങ്ങളെ അകറ്റുന്നതിനും സാമൂഹ്യബോധവും നവോത്ഥാനമൂല്യങ്ങളും വളർത്തിയെടുക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; അറിയിക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് പ്രചോദനമേകുക എന്ന ലക്ഷ്യത്തോടെ വിദ്യാലയം പ്രതിഭകളോടൊപ്പം പരിപാടി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മദ്രസകൾക്ക് വിദ്യാഭ്യാസ ധനസഹായം

4349. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉറുദു അദ്ധ്യാപകരെ നിയമിക്കുന്നതിനായുള്ള കേന്ദ്ര മാനവശേഷി വകുപ്പിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഉറുദു പഠിപ്പിക്കുന്നതിനായി ഓണറേറിയം നൽകി അദ്ധ്യാപകരെ നിയമിക്കുന്ന പദ്ധതിയിൽ സംസ്ഥാനം പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മദ്രസകൾക്ക് വിദ്യാഭ്യാസ ധസസസഹായം നൽകുന്ന കേന്ദ്ര സർക്കാരിന്റെ സ്കീം ഫോർ ക്വാളിറ്റി എഡ്യൂക്കേഷൻ ഫോർ മദ്രസാസ് എന്ന പദ്ധതി സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ?

<u>അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തിയ സ്കൂളുകൾ</u>

4350. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തിയ സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർത്തിയായോ; ഇനി എത്രയെണ്ണം ബാക്കിയുണ്ട്; ഈ പദ്ധതിക്ക് ഇതുവരെ എത്ര കോടി രൂപ ചെലവായി;

(ബി) അക്കാദമികതലം അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തിയ സ്കൂളുകളിൽ പുതിയ കെട്ടിടങ്ങളിലേക്ക് ക്ലാസ്സുകൾ അനുവദിക്കുമ്പോൾ പ്രഥമ പരിഗണന നൽകേണ്ടത് പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ഏതിനാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ നിലവാരം ഉയർത്തിയ സ്കൂളുകളിൽ മികവ് പരിശോധിച്ച് ഗ്രേഡിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉയരുന്നതിനാൽ ഈ പദ്ധതിക്ക് സുതാര്യത ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റതാക്കുന്നതിനും ഒരു ഏകീകൃത സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) ഉച്ചഭക്ഷണ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ അധ്യയനവർഷം (2019-20) പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികൾ അന്വേഷിച്ച് ക്രമക്കേടുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) മാനേജർമാർ എയ്ഡഡ് സ്കൂളുകൾ സർക്കാരിന് വിട്ടുനൽകാൻ തയ്യാറായാൽ അത് ഏറ്റെടുത്ത് നടത്തുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇതിന് പുതിയ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാവുമോയെന്ന് വിശദമാക്കുമോ; മാനേജർമാർ ഈ ആവശ്യവുമായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>പരീക്ഷാ ചോദ്യപേപ്പറുകൾ തമിഴിൽ ലഭിക്കാൻ നടപടി</u>

4351. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.ടി.സി തമിഴ് മീഡിയം ട്രെയിനിംഗ് സെന്ററുകളിൽ പരീക്ഷാ ചോദ്യപേപ്പറുകൾ തമിഴിൽ ലഭിക്കാത്തതുകാരണം പഠിതാക്കൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പാഠപുസ്തകങ്ങളുടെ അച്ചടി

4352. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പ്രീ-പ്രൈമറി വിഭാഗമില്ലാത്ത സർക്കാർ, എയിഡഡ് സ്കൂളുകൾ

4353. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പ്രീ-പ്രൈമറി വിഭാഗമില്ലാത്ത സർക്കാർ, എയിഡഡ് സ്കൂളുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കാമോ?

## പ്രീ-പ്രൈമറി സ്കൂളുകളിൽ മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കാൻ നടപടി

4354. **ശ്രീമതി ഇ.എസ്.ബിജിമോൾ**

**,,** ഗീതാ ഗോപി

**,,** സി.കെ. ആശ

**ശ്രീ.വി.ആർ. സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ബൗദ്ധിക വികാസത്തിൽ ഏറ്റവും നിർണ്ണായക കാലഘട്ടമായ പ്രീ-പ്രൈമറി കാലഘട്ടത്തിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ സൗകര്യങ്ങളാണ് പൊതുമേഖലയിൽ നിലവിലുള്ളത് എന്നറിയിക്കുമോ;

(ബി) കൊച്ചുകുട്ടികളുമായി സൗഹൃദപരമായി ഇടപഴകിക്കൊണ്ടും വിനോദ വസ്തുക്കൾ നൽകിയും ഉചിതമായ കളികളിലൂടെയും പ്രീ-പ്രൈമറി സ്കൂളുകളിൽ മെച്ചപ്പെട്ട ഒരു പഠന അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ;

(സി) പ്രീ-പ്രൈമറി മേഖലയിൽ കൂണ് പോലെ മുളച്ചുപൊന്തുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ

നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രീ-പ്രൈമറി അദ്ധ്യാപകർക്കുളള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കുമോ?

## എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പുകൾ

4355. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് യഥാസമയം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## പുതിയ ഹയർസെക്കന്ററി സ്കൂളുകൾ

4356. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അധ്യയന വർഷത്തിൽ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അനുവദിക്കുന്നത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിവിധ കോടതി വിധികൾ അനുസരിച്ച് ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

## എച്ച്. എസ്. എസ്. ടി കൊമേഴ്സ് റാങ്ക് ലിസ്റ്റ്

4357. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 03.09.2014 ൽ നിലവിൽ വന്ന കാറ്റഗറി നം. 459/2010 എച്ച്. എസ്. എസ്. ടി കൊമേഴ്സ് റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ ശേഷം നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ കൊടുത്ത കേസ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേസ് നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസിൽ ട്രിബ്യൂണൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നാല് പ്രാവശ്യം മെമ്മോ അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുവരെയും ആയതിന് മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ട്രിബ്യൂണൽ ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തരമായി നൽകുന്നതിനും ഉദ്യോഗാർത്ഥികളുടെ ആശങ്ക മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ?

## ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ ലാബുകൾ

4358. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ ലാബുകളിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

## അംഗീകാരമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ

4359. ശ്രീ.മോൻസ് ജോസഫ്
,, പി.ജെ.ജോസഫ്
,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എയ്ഡഡ് ഉൾപ്പെടെയുള്ള എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും നാഷണൽ സ്കിൽ ക്വാളിഫയിംഗ് ഫ്രെയിം വർക്കിലേക്ക് മാറ്റുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ദേശീയതലത്തിൽ വി.എച്ച്.എസ്.സി. ഇല്ലാതായതിനെത്തുടർന്ന് കേരളത്തിൽ നിലവിലുള്ള പല തൊഴിലധിഷ്ഠിത കോഴ്സുകൾക്കും ദേശീയ തലത്തിൽ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തെ എങ്ങനെ സംസ്ഥാനം നേരിടും എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ദേശീയ തൊഴിലധിഷ്ഠിത സംവിധാനം അധ്യാപകരെയും ജീവനക്കാരെയും എങ്ങനെ ബാധിക്കും എന്ന് വ്യക്തമാക്കാമോ?

## കായികാധ്യാപക നിയമനം

4360. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികാധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) അഞ്ഞൂറ് കുട്ടികളിൽ അധികമുള്ള സ്കൂളുകളിൽ മറ്റ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ഉണ്ടെങ്കിലും കായികാധ്യാപകരെ നിയമിക്കണമെന്ന വിഷയത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) എട്ട്,ഒൻപത് ക്ലാസ്സുകളിൽ അഞ്ച് ഡിവിഷനുകളിലധികമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കായികാധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം

4361. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ മദ്യം, ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം ഭീതിജനകമായ വിധത്തിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആയതിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കായംകുളം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽപ്പെട്ട സ്കൂളുകൾ

4362. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളെ ഹൈടെക് ആക്കിയെന്നും എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി ഉയർത്തിയെന്നും ഹൈടെക്ക് ആകുന്നതിനുവേണ്ടി ഇനി ഏതൊക്കെ സ്കൂളുകൾ ബാക്കിയുണ്ടെന്നും വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെട്ട ചാലക്കുടിയിലെ സ്കൂളുകൾ

4363. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഐ.ആർ.എം.എൽ.പി.സ്കൂൾ ചാലക്കുടി നഗരസഭയ്ക്ക് കൈമാറുന്നതിന് നടപടി

4364. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വിദ്യാഭ്യാസ ഉപജില്ലയ്ക്ക് കീഴിൽ വരുന്ന ഐ.ആർ.എം.എൽ.പി.സ്കൂൾ ചാലക്കുടി നഗരസഭയ്ക്ക് കൈമാറുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഐ.ആർ.എം.എൽ.പി.സ്കൂൾ ചാലക്കുടി നഗരസഭയ്ക്ക് കൈമാറുന്നതിനായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജി.എച്ച്.എസ്. മുണ്ടേരിയിൽ ഹയർസെക്കണ്ടറി വിഭാഗം അനുവദിക്കുന്നതിന് നടപടി

4365. ശ്രീ.പി.വി. അൻവർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ സ്കൂളായി പ്രവർത്തനം ആരംഭിക്കുകയും പിന്നീട് ഹൈസ്കൂളായി ഉയർത്തുകയും ചെയ്ത പോത്തുകൽ പഞ്ചായത്തിലെ ജി.എച്ച്.എസ്.മുണ്ടേരിയിൽ നിലവിൽ എത്ര കുട്ടികൾ ഉണ്ടെന്നും എത്ര ഡിവിഷനുകൾ ഉണ്ടെന്നും വിശദമാക്കാമോ;

(ബി) നിലവിലുള്ള ക്ലാസ്സ് മുറികളുടെ എണ്ണവും പുതിയതായി നിർമ്മിക്കുന്നവയുടെ എണ്ണവും അറിയിക്കാമോ;

(സി) പോത്തുകൽ വില്ലേജിൽ സർക്കാർ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) 29/05/2019-ാംതീയതി 243/2019 ഫയൽ പ്രകാരം വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകൾ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഹെഡ്മിസ്ട്രസ് നൽകിയ അപേക്ഷയിന്മേൽ വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഈ സ്കൂളിൽ ഹയർസെക്കണ്ടറി വിഭാഗം അനുവദിക്കുന്നതിന് ശിപാർശ ചെയ്യണമെന്ന് അപേക്ഷിച്ച് 04.10.2019-ാം തീയതി എ12/218/2019 ഫയൽ നമ്പറായി മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർക്ക് മുണ്ടേരി ജി.എച്ച്.എസ്. ഹെഡ്മിസ്ട്രസ് നൽകിയ ശിപാർശയിന്മേൽ വകുപ്പും ഹയർസെക്കണ്ടറി ഡയറക്ടറേറ്റും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ജി.എച്ച്.എസ്.എസ്.ഗണേശ്ഗിരി ലാബ് നവീകരണം</u>

4366. ശ്രീ.പി.കെ. ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 2019-20 സാമ്പത്തിക വർഷത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. ഗണേശ്ഗിരിയുടെ ലാബ് നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തിയുടെ നിർമ്മാണ ഏജൻസി ഏതാണെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>മരട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

4367. ശ്രീ.എം. സ്വരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ അപര്യാപ്തത പൂർണ്ണമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

കുമ്പഡാജ പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ

4368. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പള ഉപവിദ്യാഭ്യാസ ജില്ലയിലെ കുമ്പഡാജ ഗ്രാമപഞ്ചായത്തിൽ നിലവിൽ സർക്കാർ, എയ്ഡഡ്, തലത്തിൽ എത്ര എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കന്നട, മലയാളം മീഡിയങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ തിരിച്ചുള്ള വിവരം നൽകാമോ;

(സി) കുമ്പഡാജ പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലെങ്കിൽ അതിന്റേതായ പോരായ്മ മനസിലാക്കി പ്രതിവിധി കണ്ടെത്തുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്തത് കൊണ്ട് കുമ്പഡാജ പഞ്ചായത്തിലെ കുട്ടികൾ എത്രദൂരം സഞ്ചരിച്ചാലാണ് മലയാളം പഠിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് പേര് സഹിതം വ്യക്തമാക്കാമോ?

പാലക്കാട് മോയൻ മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ഡിജിറ്റൈസേഷൻ

4369. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മോയൻ മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ?

കുളത്തൂർ ഗവ: ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾ

4370. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഗവ: ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് വേണ്ടി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര കോടി രൂപയ്ക്കാണ് കരാറുകാരൻ ടെണ്ടർ എടുത്തത് എന്ന് വ്യക്തമാക്കാമോ; കരാർ എടുത്ത ഏജൻസി ഏതെന്നും വിശദമാക്കാമോ;

(സി) സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

കട്ടുങ്ങപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എം.എൽ.എ. ഫണ്ടിന്റെ വിനിയോഗം

4371. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ കടുങ്ങപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച എം.എൽ.എ. ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി അധിക തുക ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് ബിൽഡിംഗ്സ് വകുപ്പ് നൽകിയ 12/06/2019-ലെ CE/BL/PL3 /MLPM/350/19/BL നമ്പർ ശിപാർശയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഫയലുകൾ ലഭ്യമാണോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ്സ് മുറികൾ

4372. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ സ്മാർട്ട് ക്ലാസ്സ്‌റൂമുകൾ, അടുക്കള എന്നിവ നിർമ്മിക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) തീരദേശ വികസന കോർപ്പറേഷന്റെ ഈ പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകൾ, ചെയ്ത പ്രവൃത്തി എന്നിവ അറിയിക്കാമോ?

വോർക്കാടി ഗ്രാമപഞ്ചായത്തിൽ പുതിയ മലയാളം മീഡിയം സ്കൂൾ

4373. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം സ്കൂൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോർക്കാടി പഞ്ചായത്തിലെ പാവൂർ വില്ലേജിൽ സർവ്വെ നം.248/1 ലെ 3 ഏക്കർ 15 സെന്റ് റവന്യൂ ഭൂമിയിൽ പുതിയ സ്കൂൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പഞ്ചായത്തിൽ മലയാളം മീഡിയം സ്കൂൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ സ്കൂളുകൾക്കുള്ള പദ്ധതികൾ

4374. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് സംസ്ഥാന സർക്കാരിന്റെ അഞ്ച് കോടി, മൂന്ന് കോടി, ഒരുകോടി രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ഈ ഓരോ പ്രവൃത്തിയുടെയും നിർവഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ

4375. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി തയാറാക്കിയ രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പരവൂർ ജി.എച്ച്.എസ്.എസ്.ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് എസ്.പി.വി. ആയി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിൽ ഈ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ചിറക്കര ജി.എച്ച്.എസ്.ന്റെ ഡി.പി.ആർ. ഇതിനകം കിറ്റ്കോ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി

4376. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്ന നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിർമ്മാണ പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും അനുവദിച്ച അഞ്ച്കോടി രൂപയിലും എം.എൽ.എ.-എ.ഡി.എസ്.ൽ നിന്ന് അനുവദിച്ച തൊണ്ണൂറ്റി മൂന്ന് ലക്ഷം രൂപയിലും എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(ബി) അധികം വരുന്ന തുകയ്ക്ക് ഏതൊക്കെ പ്രവൃത്തികൾ ആണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര ചതുരശ്ര അടി കെട്ടിടങ്ങൾ ആണ് നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ?

ഡി.ഇ.ഒ യുടെ പി.എ. തസ്തികയുടെ പേരുമാറ്റം

4377. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ പി.എ. ടു ഡി.ഇ.ഒ. തസ്തികയുടെ പേര് മാറ്റുവാൻ തീരുമാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>അദ്ധ്യാപക യോഗ്യത</u>

4378. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ടി.ഇ.യ്ക്ക് അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കാനുള്ള അധികാരമുണ്ടോ;

(ബി) എൻ.സി.ടി.ഇ. നിശ്ചയിക്കുന്ന അദ്ധ്യാപക യോഗ്യതകൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ബാധ്യസ്ഥമാണോയെന്ന് വ്യക്തമാക്കാമോ?

<u>കെ-ടെറ്റ് യോഗ്യത</u>

4379. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനാംഗീകാരം ലഭിച്ച മുഴുവൻ അദ്ധ്യാപകരും കെ-ടെറ്റ് യോഗ്യത നിശ്ചയിച്ച സമയപരിധിക്കുള്ളിൽ കരസ്ഥമാക്കിയിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കെ-ടെറ്റ് യോഗ്യതയുടെ കാര്യത്തിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും വ്യത്യസ്ത സമയ പരിധി നിശ്ചയിച്ചിരിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാറ്റഗറി മൂന്ന് പരീക്ഷയ്ക്ക് മാതൃഭാഷയിൽ ചോദ്യപ്പേപ്പർ നൽകണമെന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ?

<u>ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിലെ സംവരണ ഒഴിവുകൾ</u>

4380. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ ഇരുപത്തിയഞ്ച് ശതമാനം അദ്ധ്യാപക തസ്തികകൾ എൽ.പി./യു.പി. ടീച്ചർമാർ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റുമാർ എന്നിവരിൽ യോഗ്യതയുള്ളവർക്കായി സംവരണം ചെയ്ത് 2015-ൽ ഉത്തരവായി അഞ്ച് വർഷം കഴിഞ്ഞിട്ടും ഈ സംവരണ വിഭാഗം ഒഴിവുകളിലെ നിയമനത്തിന് അപേക്ഷ ക്ഷണിക്കാത്തത് കാരണം അർഹതപ്പെട്ട പലർക്കും പ്രസ്തുത ഉത്തരവിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംവരണ വിഭാഗം ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഹയർ സെക്കണ്ടറി ജൂനിയർ കംപ്യൂട്ടർ സയൻസ് അദ്ധ്യാപക നിയമനം</u>

4381. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി ജൂനിയർ കംപ്യൂട്ടർ സയൻസ് അദ്ധ്യാപക നിയമനത്തിന് എന്തെല്ലാം യോഗ്യതകളാണ് വേണ്ടതെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ പുത്തൻകാവ് മെട്രോപോളിറ്റൻ സ്കൂളിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന കുര്യാക്കോസ്.റ്റി.സി.യുടെ നിയമനം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 23-07-2009-ലെ AD/B3/23960/09/CS, 31-03-2015-ലെ A3/4591/RDD/HSC/14 എന്നീ നമ്പറുകളിലെ ഉത്തരവ് അനുസരിച്ച് നൽകിയ നിയമനങ്ങളിലെ അതേ യോഗ്യതയുള്ള കുര്യാക്കോസിന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ</u>

4382. ശ്രീ.വി.എസ്.ശിവകുമാർ
,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫുൾടൈം ബെനഫിറ്റ് തസ്തികയിൽ 2012 മുതൽ ജോലി ചെയ്തുവരുന്ന പാർട്ട് ടൈം വിത്ത് ഫുൾടൈം ബെനഫിറ്റ് അദ്ധ്യാപകർക്ക് (ജൂനിയർ ലാംഗ്വേജ് ടീച്ചർ - ഹിന്ദി) ഫുൾടൈം ലാംഗ്വജ് ടീച്ചർ തസ്തികയിലേക്ക് പ്രമോഷൻ കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; ഏത് വർഷം വരെ ജോലിയിൽ പ്രവേശിച്ച പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി (യു.പി) തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് ജില്ലയിൽ പ്രമോഷൻ കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഫുൾ ടൈം ബെനഫിറ്റ് തസ്തികയിലെ അദ്ധ്യാപകന് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയിലെ അദ്ധ്യാപകനോടൊപ്പം പ്രമോഷന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ അപ്രകാരം ഏത് വർഷം വരെ ജോലിയിൽ പ്രവേശിച്ചവർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ട്; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) നിലവിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ഫുൾടൈം ബെനഫിറ്റിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് പ്രമോഷൻ കൊടുക്കാൻ താമസമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്; നിലവിൽ ഈ പ്രമോഷന് യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) 2007 ജനുവരി മാസം ജോലിയിൽ പ്രവേശിച്ച പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ടീച്ചർമാർക്ക് ഫുൾടൈം ലാംഗ്വേജ് ടീച്ചർമാരായി പ്രമോഷൻ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണ്;

(ഇ) കേരളത്തിലെ മറ്റ് ജില്ലകളിൽ ഏത് വർഷം വരെ ജോലിയിൽ പ്രവേശിച്ച പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ്(ഹിന്ദി) ടീച്ചർമാർക്ക് ഫുൾടൈം ലാംഗ്വേജ് ടീച്ചർമാരായി പ്രമോഷൻ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## പാർട്ട് ടൈം ജൂനിയർ അദ്ധ്യാപകർ

4383. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാർട്ട് ടൈം ജൂനിയർ (ഹിന്ദി) അദ്ധ്യാപകരെ അഞ്ചു വർഷം പൂർത്തിയാക്കുമ്പോൾ ഫുൾ ടൈം ആക്കിയിട്ടുള്ളതിന്റെ ഉത്തരവ് നൽകാമോ;

(ബി) സംസ്ഥാനത്തെ ഹയർസെക്കണ്ടറി ജൂനിയർ (ഹിന്ദി) അദ്ധ്യാപകരെ അഞ്ചുവർഷം പൂർത്തിയാക്കുമ്പോൾ സീനിയർ ആക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

## അംഗീകൃത വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾ

4384. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അംഗീകൃത വിദ്യാലയങ്ങളിലെ 2014 മുതൽ 2018 വരെയുള്ള കാലയളവിലെ അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങൾ പഴക്കമുള്ള അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## എറണാകുളം ജില്ലയിൽ എൽ.പി., യു.പി. ടീച്ചർ ഒഴിവുകൾ

4385. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി., യു.പി. ടീച്ചർ തസ്തികകളിൽ എത്ര ഒഴിവുകൾ സഹതാപാർഹ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് മാറ്റി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിലേയ്ക്ക് വേണ്ടത്ര അപേക്ഷകർ ഉണ്ടോയെന്ന് അറിയിക്കുമോ;

(സി) വേണ്ടത്ര അപേക്ഷകർ ഇല്ലാത്ത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഒഴിവുകൾ പി.എസ്.സി.ക്ക് മാറ്റി നൽകുവാൻ എന്തെങ്കിലും നിയമതടസ്സം ഉണ്ടാകുമോയെന്ന കാര്യം വ്യക്തമാക്കാമോ;

(ഇ) ഈ തസ്തികകളിലെ എത്ര അദ്ധ്യാപകർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നുണ്ടെന്ന് അറിയിക്കുമോ;

(എഫ്) ഭരണ പരിഷ്ക്കാര കമ്മീഷന്റെ 20.09.2019ലെ ഉത്തരവ് പ്രകാരം ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

## കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ.ഒഴിവുകൾ

4386. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സർക്കാർ വക എത്ര ഹൈസ്കൂൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിൽ ആകെ എത്ര എച്ച്.എസ്.എ.(ഹിന്ദി) അദ്ധ്യാപക തസ്തികകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് എച്ച്.എസ്.എ.(ഹിന്ദി) അദ്ധ്യാപക തസ്തികകൾ ഒഴിവുള്ളത്; വിശദമാക്കാമോ;

(ഡി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും അറിയിക്കുമോ;

(ഇ) 1-2-2019 മുതൽ 31.9.2020 വരെ കാലയളവിൽ കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും റിട്ടയർ ചെയ്യുന്ന എച്ച്.എസ്.എ.(ഹിന്ദി) അദ്ധ്യാപകർ എത്രയെന്ന് വ്യക്തമാക്കുമോ?

## സ്കൂളുകളിലെ അദ്ധ്യാപക തസ്തികയുടെ മാനദണ്ഡം

4387. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അദ്ധ്യാപക തസ്തിക കണക്കാക്കുന്നതിന്റെ മാനദണ്ഡം പുതുക്കിയിട്ടുണ്ടോ;

(ബി) പുതുക്കിയ മാനദണ്ഡപ്രകാരം അദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ കുറവ് ഉണ്ടാകുമോ; വിശദമാക്കുമോ?

## സ്കൂളുകളുടെ സുരക്ഷയ്ക്കായി വിമുക്തഭടന്മാരുടെ സേവനം

4388. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാലയങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ഇല്ലാതാക്കാൻ നടത്തിവരുന്ന ഇടപെടലുകൾ വ്യക്തമാക്കാമോ;

(ബി) ഈ ഉദ്ദേശ്യത്തിനായി സ്കൂളുകളുടെ കാവലിനായി വിമുക്തഭടന്മാരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിന് നടപടി

4389. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 08.05.2018 ലെ സ.ഉ.(കൈ) നം.82/2018 ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ ശമ്പള ബിൽ ഡി.ഇ.ഒ. മേലൊപ്പ് വയ്ക്കേണ്ടിവന്ന വിദ്യാലയങ്ങൾക്ക് മാത്രമാണ് മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കാതെവന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ആറ്റിങ്ങൽ ഡി.ഇ.ഒ.യുടെ നടപടി കാരണം നിരവധി അദ്ധ്യാപകർക്ക് ഇൻക്രിമെന്റ് പോലും 2015 ന് ശേഷം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹയർസെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ

4390. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## തസ്തിക നിർണ്ണയ റിവ്യൂ പൂർത്തിയാക്കാനുള്ള ജില്ലകൾ

4391. **ശ്രീമതി സി.കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിലെ എൽ.പി.എസ്.ടി, യു.പി.എസ്.ടി തസ്തികകളിൽ സ്റ്റാഫ് ഫിക്സേഷൻ റിവ്യൂ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ 2019 ജൂലൈ മാസത്തിന് ശേഷം ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം ഉണ്ടോ; എത്ര ഒഴിവുകളാണ് ഈ തസ്തികകളിൽ മാറ്റി വയ്ക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) തസ്തിക നിർണ്ണയ റിവ്യൂ പൂർത്തിയാക്കാനുള്ള ജില്ലകൾ ഏതൊക്കെ എന്നും ഏത് തീയതിക്കുള്ളിൽ പ്രസ്തുത ജില്ലകളിലെ റിവ്യൂ പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) റിവ്യൂ പൂർത്തിയാകുമ്പോൾ നഷ്ടപ്പെടുവാൻ സാധ്യതയുള്ള തസ്തികകളിലെ അദ്ധ്യാപകരെ എപ്രകാരം പുനർവിന്യസിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് നിയമനം

4392. **ശ്രീ.പി.കെ.അബ്ദു റബ്ബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ടായിരുന്നു;

(ബി) ഇതിൽ എത്ര പേർക്ക് ഇതിനകം നിയമനം നൽകി; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പരാതി പരിഹാര സെൽ

4393. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലെന്ന് അറിയിക്കുമോ;

(ബി) പരാതി പരിഹാര സെൽ രൂപീകരിച്ചിരിക്കുന്നത് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വെളിപ്പെടുത്തുമോ;

(സി) പരാതി പരിഹാര സെല്ലിന്റെ രൂപീകരണം സംബന്ധിച്ച അറിയിപ്പ് ജില്ലാ ഉപ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് നൽകിയിരുന്നുവോ;

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) നിയമനാംഗീകാരം നിരസിച്ച എത്ര റിവിഷൻ ഹർജികൾ ഈ പരാതി പരിഹാര സെല്ലിൽ നിയമനാംഗീകാരം നൽകി തീർപ്പ് കൽപ്പിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ അറബിക് ഉപഭാഷ അദ്ധ്യാപക തസ്തിക

4394. ശ്രീ.പി.കെ.അബ്ദു റബ്ബ്
,, കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ അറബിക് ഉപഭാഷ അദ്ധ്യാപക തസ്തിക അനുവദിക്കാൻ എത്ര കുട്ടികൾ വേണമെന്നാണ് 21.4.1998-ലെ 125/98/G.Edn എന്ന ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത്;

(ബി) നിലവിൽ പ്രസ്തുത തസ്തിക അനുവദിക്കാൻ എത്ര കുട്ടികൾ വേണം; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഹയർസെക്കണ്ടറി സ്കൂളുകളിൽ അറബിക് ഉപഭാഷാ അദ്ധ്യാപകരുടെ തസ്തിക അനുവദിക്കുന്നതിന് കുട്ടികളുടെ എണ്ണക്കുറവ് മൂലം തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം

4395. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ചെയ്തുവരുന്ന എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം, തസ്തിക നിർണ്ണയം തുടങ്ങിയ നടപടികൾ സർക്കാർ നേരിട്ട് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രപ്പോസൽ തയ്യാറാക്കി നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം ഒരു ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് കെ.ഇ.ആർ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഈ വിഷയം അദ്ധ്യാപക/സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ?

## പുതുതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ

4396. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി എത്ര അദ്ധ്യാപകരുടെ തസ്തികകൾ പുതുതായി എയ്ഡഡ്, സർക്കാർ മേഖലകളിൽ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## എച്ച്.എസ്.എ. സോഷ്യൽ സയൻസ് നിയമനം

4397. **ശ്രീ.അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിൽ നിന്നും 01.01.2018 ന് ശേഷം എത്ര പേർക്ക് തസ്തിക മാറ്റം വഴി എച്ച്.എസ്.എസ്.ടി. ആയി നിയമനം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) 01.01.2020 മുതൽ 31.03.2021 വരെ എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിലുള്ള എത്ര അദ്ധ്യാപകരാണ് വിരമിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; വിരമിക്കുന്ന അദ്ധ്യാപകരുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ എന്നിവ വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ

4398. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2020- 21 അധ്യയനവർഷത്തിൽ യു.പി.എസ്.എ. തസ്തികയിൽ എത്ര റിട്ടയർമെൻറ് ഒഴിവുകളുണ്ടെന്നും എത്ര ഹെഡ്മാസ്റ്റർ പ്രമോഷൻ തസ്തികകളുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രമോഷൻ, റിട്ടയർമെൻറ് എന്നിവ വഴി വരുന്ന ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

ഇല്ലെങ്കിൽ ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) 2019-20 അധ്യയനവർഷത്തിൽ തൃശ്ശൂർ ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽ ജോലി ചെയ്തിരുന്ന എത്ര അധ്യാപകർക്ക് ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>കെടെറ്റ്/സിടെറ്റ് പരീക്ഷാ യോഗ്യത</u>

4399. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.എ.,യു.പി.എസ്.എ. തസ്തികകളിലേക്ക് പി.എസ്.സി. പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ കെടെറ്റ്/സിടെറ്റ് യോഗ്യത നേടിയിരിക്കണമെന്ന വ്യവസ്ഥ ഉള്ളതിനാൽ ടി.ടി.സി./ബി.എഡ്. യോഗ്യതയുള്ള പ്രായപരിധി കഴിയാറായവർക്ക് പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) കെടെറ്റ്/സിടെറ്റ്എന്നീ പരീക്ഷകൾക്കുള്ള മിനിമം പാസ്സ് മാർക്ക്,കഴിഞ്ഞവർഷത്തെ വിജയശതമാനം എന്നിവ എത്രയാണെന്ന് അറിയിക്കാമോ;

(ഡി) പരീക്ഷാ ഫീസ് 500 രൂപ എന്നത് കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>തിരുവനന്തപുരം എൽ.പി.എസ്.എ. ഒഴിവുകൾ</u>

4400. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ. (മലയാളം മീഡിയം) തസ്തികയിൽ 31.05.2020 വരെ എൻ.ജെ.ഡി., സ്ഥാനക്കയറ്റം, വിരമിക്കൽ ഉൾപ്പെടെ ആകെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് അറിയിക്കാമോ;

(ബി) അടുത്ത അധ്യയന വർഷം തുടക്കത്തിൽത്തന്നെ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം സാധ്യമാക്കുന്നതിനായി പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി എടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയും ബി.എഡ്.കമ്പ്യൂട്ടർ സയൻസും</u>

4401. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (G.O.(P) No.144/2001/Gen. edn. തീയതി 16.04.2001) എച്ച്.എസ്.എസ്.ടി. കമ്പ്യൂട്ടർ

സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിൽ ബി.എഡ്. കമ്പ്യൂട്ടർ സയൻസ് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുവാൻ നാളിതുവരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഡിറ്റർമിനേഷൻ ഓഫ് മിനിമം ക്വാളിഫിക്കേഷൻ ഫോർ റിക്രൂട്ട്മെന്റ് ആന്റ് ടീച്ചേഴ്സ് ഇൻ സ്കൂൾ റഗുലേഷൻ 2014 പ്രകാരം ഹയർസെക്കണ്ടറി ടീച്ചേഴ്സിന്റെ മിനിമം യോഗ്യത പി.ജി.യും ബി.എഡും ആയിരിക്കെ എച്ച്.എസ്.എസ്.ടി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തസ്തികയിലേക്ക് ബി.എഡ്. കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണനയോ പ്രത്യേക പരിഗണനയോ നൽകുവാൻ നാളിതുവരെ സർക്കാർ തയ്യാറായിട്ടുണ്ടോ;

(സി) ഇതിന്മേൽ എന്ത് നടപടി കൈക്കൊള്ളുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) എൻ.സി.റ്റി.ഇ.യ്ക്ക് അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കാനുള്ള അധികാരം ഉണ്ടോ;

(ഇ) എൻ.സി.റ്റി.ഇ. പുറപ്പെടുവിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥരാണോ; അറിയിക്കുമോ?

<u>സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി.</u>

4402. **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നിഷേധിക്കുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) അപേക്ഷിച്ച പ്രകാരം നിലവിൽ എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സർക്കാരിൽനിന്ന് എൻ.ഒ.സി. ലഭിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

4403. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി; ഇനിയും സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഐ.ടി. @ സ്കൂൾ,എസ്.ഐ.ഇ.റ്റി. ഏകോപനം</u>

4404. **പ്രൊഫ.കെ.യു. അരുണൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.ടി. @ സ്കൂളും എസ്.ഐ.ഇ.റ്റി. യും ഏകോപിപ്പിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഒ.ബി.സി. വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന ഫീസ് ആനുകൂല്യം

4405. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന ഫീസ് ആനുകൂല്യം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എസ്.എസ്.എൽ.സി. പരീക്ഷക്ക് ഗ്രേസ് മാർക്ക്

4406. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർച്ച് 2019ലെ എസ്.എസ്.എൽ.സി. പരീക്ഷക്ക് ഗ്രേസ് മാർക്ക് ആനുകൂല്യത്തിന് 20.05.2019ന് (Reg.No.572263) മുഹമ്മദ് അമീൻ കെ. (സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, നടവയൽ) നൽകിയ അപേക്ഷ ഹെഡ്മാസ്റ്റർ ഉടൻ തന്നെ ഓൺലൈനായും തുടർന്ന് 17.09.2019ന് ഓഫ്‌ലൈനായും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നോ; ഈ വിഷയത്തിൽ ഉത്തരവുകളെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഉത്തരവായിട്ടില്ലെങ്കിൽ പത്ത് മാസങ്ങൾക്ക് ശേഷവും ഈ വിഷയത്തിൽ മതിയായ ഉത്തരവ് പുറപ്പെടുവിക്കാതെ കാലതാമസം ഉണ്ടായതിന് കാരണം വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ആയത് പരീക്ഷാ കമ്മീഷണർക്ക് അയച്ചിട്ടുണ്ടെങ്കിൽ ആയത് എന്നാണെന്നും ബന്ധപ്പെട്ട ഫയൽ നമ്പരും വ്യക്തമാക്കുമോ;

(ഡി) സമയബന്ധിതമായി ഈ ഫയലിൽ തീർപ്പ് കൽപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തൽ

4407. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സ്കൂൾ സർട്ടിഫിക്കറ്റിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് ജംഷിദ് ടി.പി. എന്ന കുട്ടിയുടെ ബിസി3/31184/2018/CGE നമ്പരായി ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർട്ടിഫിക്കറ്റിൽ ആവശ്യമായ തിരുത്തൽ വരുത്തി ഇക്കാലയളവിനുള്ളിൽ സർട്ടിഫിക്കറ്റ് സ്കൂൾ മുഖേനയോ മറ്റോ തിരികെ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാത്തതെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കുമോ?

പത്താം ക്ലാസ്സിലെ പഠന വൈകല്യ സർട്ടിഫിക്കറ്റ്

4408. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിലെ പഠന വൈകല്യ സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ട അസ്സസ്മെന്റ് നടത്താൻ ആവശ്യമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ് എന്നിവർ വിദ്യാഭ്യാസ വകുപ്പിൽ ഇല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ നടപടികൾ വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുമോ; ബ്ലോക്ക് തലത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ് എന്നിവരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പഠന വൈകല്യ പരിശോധനകൾ സാധാരണയായി പത്താം ക്ലാസ്സിലാണ് നടത്തി വരുന്നതെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ പരിശോധനകൾ പ്രാഥമിക ക്ലാസ്സുകളിൽ നടത്തി കുട്ടികളുടെ പഠന വൈകല്യം വിലയിരുത്തിയാൽ ആവശ്യമുള്ളവർക്ക് ചികിത്സയും സഹായവും നേരത്തെ തന്നെ ലഭിക്കുന്നതിനും മികച്ച ഫലം ഉറപ്പാക്കുന്നതിനും ഉപകരിക്കുമെന്നത് കണക്കാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന് ചാലഞ്ച് ഫണ്ട്

4409. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകൾക്ക് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചാലഞ്ച് ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെ എത്ര സ്കൂളുകൾക്ക് ചാലഞ്ച് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്;

(സി) കോഴിക്കോട് ജില്ലയിലെ ചാലഞ്ച് ഫണ്ട് ലഭിച്ച സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) ചാലഞ്ച് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ?

സ്കൂൾ പാചക തൊഴിലാളികളുടെ എണ്ണം

4410. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ജോലി ചെയ്യുന്ന പാചക തൊഴിലാളികളുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണത്തിനനുസൃതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ 02.07.2019ൽ മലപ്പുറം എം.എൽ.എ. നൽകിയ നിവേദനത്തിലെ വസ്തുതകൾ കൂടി കണക്കിലെടുത്ത് വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പാചക തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുമോ?

## സ്കൂൾ പ്രവേശന അവലോകനം

4411. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പ്രവേശന നിരക്കിൽ കഴിഞ്ഞ നാല് വർഷമായി കാണപ്പെടുന്ന പ്രവണത എന്തെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തെ സ്കൂൾ പ്രവേശന അവലോകനം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച്, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിവയുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി നൽകാമോ?

## മാതൃഭാഷ മലയാളമാക്കിയ നിയമം നടപ്പാക്കൽ

4412. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ മാതൃഭാഷ മലയാളമാക്കിക്കൊണ്ടുള്ള നിയമം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത ഏതെങ്കിലും പ്രധാന അദ്ധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഒന്നാം ക്ലാസ് മുതലുള്ള പാഠപുസ്തകങ്ങളിൽ മലയാള അക്കങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

4413. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ നാളിതുവരെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ലോവർ പ്രൈമറി, യു പി, ഹൈസ്കൂൾ തലങ്ങളിലെ കൊഴിഞ്ഞുപോകൽ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2019-20 സാമ്പത്തികവർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് എത്രയാണെന്ന് വിശദമാക്കാമോ?

<u>സ്കോൾ കേരളയിലെ നിയമനം</u>

4414. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയിൽ നിലവിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു; ഇതിൽ എത്രപേർ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കുന്നു; ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നത് എത്ര പേർ; അറിയിക്കുമോ;

(ബി) കോൺട്രാക്ട് ആയി നിയമനം നൽകിയതിന്റെ വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) സ്കോൾ കേരളയിൽ പുതിയതായി തസ്തിക അനുവദിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; തസ്തിക അനുവദിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സ്കോൾ കേരളയിൽ പുതിയ തസ്തിക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമന ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; നിയമന ചട്ടങ്ങൾ പി.എസ്.സി.ക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ടെക്നോളജിയുടെ ഇതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം</u>

4415. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി സഹായം നൽകുന്ന സ്കൂളുകൾ</u>

4416. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി ധനസഹായം നൽകുന്ന സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഓരോ സ്കൂളിന്റെയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) കില നടപ്പാക്കുന്ന പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

<u>സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള പദ്ധതി</u>

4417. ശ്രീ.റോജി എം. ജോൺ

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.സി.ജോസഫ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം എത്ര കുട്ടികൾക്ക് ഇപ്രകാരം യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) അടുത്ത അദ്ധ്യന വർഷം സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>പരീക്ഷാഭവൻ നടത്തുന്ന ടൈപ്പ് റൈറ്റിംഗ് പരീക്ഷകൾ</u>

4418. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് പരീക്ഷ കഴിഞ്ഞാലുടൻതന്നെ ചോദ്യപേപ്പർ വിദ്യാർത്ഥികൾക്ക് നൽകണമെന്ന് നോട്ടിഫിക്കേഷനിൽ നിർദ്ദേശമുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എന്നാൽ പരീക്ഷ നടത്തുന്ന സ്കൂളുകൾ ചോദ്യപേപ്പർ നൽകാതിരിക്കുന്നതും വിദ്യാർത്ഥികൾക്ക് അവ ലഭിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിദ്യാർത്ഥികൾക്ക് പരീക്ഷ കഴിഞ്ഞാലുടൻ തന്നെ ചോദ്യ പേപ്പർ നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ;

(ഡി) ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പരീക്ഷയ്ക്ക് അയക്കുന്ന മൊത്തം കുട്ടികളുടെ ചെല്ലാൻ ഒറ്റ ചെല്ലാനായി അടക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പരീക്ഷാഭവൻ നിലവിൽ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹൈസ്പീഡ് പരീക്ഷ നടത്തുന്നതുപോലെ ടൈപ്പ്റൈറ്റിംഗ് മലയാളം, ഹിന്ദി ഹൈസ്പീഡ് പരീക്ഷകളും കൂടി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പഞ്ചായത്ത് തലത്തിലുള്ള സ്കൂളുകളുടെ നിയന്ത്രണം</u>

4419. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തലത്തിലുള്ള സ്കൂളുകളുടെ നിയന്ത്രണം ഏത് വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സ്കൂളുകളുടെ പേരിൽ എയ്ഡഡ് എന്നുതന്നെ കാണുന്ന സാഹചര്യത്തിൽ അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കോഴിക്കോട് ഒളവണ്ണ എ.എൽ.പി സ്കൂളിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>തൃപ്പൂണിത്തുറ മണ്ഡലത്തിലെ സ്കൂളുകളിൽ സയൻസ് ലാബുകൾ</u>

4420. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറ മണ്ഡലത്തിലെ സ്കൂളുകളിൽ സയൻസ് ലാബുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>പഠനവൈകല്യമുള്ള വിദ്യാർത്ഥികളുടെ പട്ടിക</u>

4421. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷാ ആനുകൂല്യങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ നിന്നും പഠനവൈകല്യമുള്ള വിദ്യാർത്ഥികളുടെ പട്ടിക യഥാസമയം ലഭ്യമാക്കിയിരുന്നുവെങ്കിലും അവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് യഥാസമയം ഉത്തരവ് ഇറക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ നിന്നും പഠനവൈകല്യമുള്ള എത്രപേരുടെ പട്ടികയാണ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പട്ടിക പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>നെല്ലിക്കുന്ന് അൻവാറുൽ ഉലൂം എയ്ഡഡ് യു.പി.സ്കൂളിലെ യു.പി.എസ്.എ. നിയമനം</u>

4422. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വിദ്യാഭ്യാസ ഉപജില്ലയിലെ നെല്ലിക്കുന്ന് അൻവാറുൽ ഉലൂം എയ്ഡഡ് യു.പി. സ്കൂളിൽ ശരണ്യ.ബി.യെ യു.പി.എസ്.എ. ആയി എപ്പോഴാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നിയമനം ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിയമനം കാസർകോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ലെങ്കിൽ അതിന് ഉപോൽബലകമായി പറഞ്ഞ കാരണങ്ങൾ എന്താണെന്നും എ.ഇ.ഒ. യുടെ ഉത്തരവിനെതിരെ അപ്പീൽ ഉണ്ടായിരുന്നോ എന്നും അപ്പീലിൽ വിധി എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) 06.12.2017, 18.05.2019 തീയതികളിലെ കാസർകോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ സി/4900/2017 നമ്പർ കത്തുകളിലെ ഉള്ളടക്കം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) 20.07.2019-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി5/91448/2017/ഡി.ജി.ഇ. നമ്പർ കത്തിലെ ഉള്ളടക്കം എന്തായിരുന്നുവെന്നും പ്രസ്തുത കത്തിന് എ.ഇ.ഒ. മറുപടി നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ഉള്ളടക്കം എന്താണെന്നും ഇല്ലെങ്കിൽ കാലവിളംബത്തിന് വിശദീകരണം

ചോദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>പരീക്ഷാഭവനിൽ പൊതുജനങ്ങൾക്ക് സേവനം ഉറപ്പാക്കുന്നതിന് നടപടി</u>

4423. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ ജനങ്ങൾക്കോ, ജനപ്രതിനിധികൾക്കോ അവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കോ ഫയൽ വിവരങ്ങൾ അന്വേഷിക്കുന്നതിന് ടെലിഫോൺ മുഖേന ആശയവിനിമയം നടത്തുന്നതിന് നിലവിൽ ബുദ്ധിമുട്ട് നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാഭവന്റെ എൻക്വയറി സെക്ഷനിലെ ഡയറക്ട് കോൺടാക്ട് നമ്പർ പ്രവർത്തനക്ഷമമാണെങ്കിലും ഫോണുകൾ എടുക്കുന്നതിനും വിവരങ്ങൾ യഥാസമയം നൽകുന്നതിനും വിമുഖത കാണിക്കുന്നത് അടിയന്തരമായി പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ;

(സി) ഇത്തരം ഓഫീസുകളിൽ പൊതുജനങ്ങൾക്ക് സേവനം ഉറപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുവാൻ ഗവൺമെന്റ് സെക്രട്ടറി തലത്തിൽ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>വിദ്യാലയങ്ങളിൽ സെക്യൂരിറ്റി സ്റ്റാഫായി വിമുക്തഭടന്മാരുടെ നിയമനം</u>

4424. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ മയക്കുമരുന്ന് ഉപഭോഗം വളരെയധികം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വിമുക്തഭടന്മാർക്ക് വിദ്യാലയത്തിന്റെ സെക്യൂരിറ്റി ചുമതല നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമിതരാവുന്ന സെക്യൂരിറ്റി സ്റ്റാഫുകൾക്ക് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കുവാൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

<u>ഇതരസംസ്ഥാന തൊഴിലാളികൾക്ക് സാക്ഷരതാ പദ്ധതി</u>

4425. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്ന പദ്ധതി സംസ്ഥാന സാക്ഷരതാമിഷൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഭാഷകളിലാണ് തൊഴിലാളികളെ സാക്ഷരരാക്കുന്നത്; ഈ പദ്ധതിക്കായി എന്ത് തുക വിനിയോഗിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

<u>പരിസ്ഥിതി സൗഹൃദമായി മണൽ നീക്കം ചെയ്യുന്നതിന് നടപടി</u>

4426. ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീമതിവീണാ ജോർജ്ജ്
ശ്രീ.ബി.ഡി. ദേവസ്സി
,, വി.കെ.പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ക്വാറികൾക്ക് അനുമതി നൽകുന്നതിന് എന്തെല്ലാം പ്രത്യേക നിബന്ധനകളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രകൃതി വിഭവങ്ങളുടെ നീതിപൂർവ്വമായ ഉപയോഗത്തിന്റെ ഭാഗമായി വിവിധ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്ത് ജലസംഭരണവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനധികൃത മണൽ വാരൽ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതുവഴി എത്രതുക പിഴയായി ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രളയാനന്തരം സംസ്ഥാനത്തെ പുഴകളിലും കായലുകളിലും ഡാമുകളിലും ഉപയോഗശൂന്യമായ ക്വാറികളിലും ചെറുജലാശയങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ വ്യാപ്തം കണക്കാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ കേരള പ്രൊട്ടക്ഷൻ ഓഫ് റിവർ ബാങ്ക്സ് ആന്റ് റഗുലേഷൻ ഓഫ് റിമൂവൽ ഓഫ് സാൻഡ് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ പരിസ്ഥിതി സൗഹൃദമായി മണലും എക്കലും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം

4427. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഭൂമി സംബന്ധമായ കാര്യങ്ങൾ മൂന്ന് വകുപ്പുകളിലെയും ഉദ്യോഗസ്ഥന്മാർ ഉൾപ്പെടുന്ന സാങ്കേതിക കമ്മിറ്റികളുടെ ശിപാർശകൾ പ്രകാരം നടത്താൻ തീരുമാനമുണ്ടോ;

(സി) കേന്ദ്ര സർക്കാർ 2008-ൽത്തന്നെ ഇത്തരമൊരു മിഷൻ രൂപീകരിച്ച് എല്ലാ വില്ലേജിലും ജി.പി.എസ്. മാപ്പിംഗ് നടത്താൻ നിർദ്ദേശിച്ചിരുന്നോ;

(ഡി) എന്നാൽ കേരളത്തിൽ ഇത് നടപ്പാക്കാത്ത സാഹചര്യമുണ്ടായോ; എങ്കിൽ ഇതിന്റെ കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) വകുപ്പുകളുടെ ഏകീകരണത്തോടെ മറ്റെന്തെല്ലാം നേട്ടങ്ങളാണ് ഭരണരംഗത്ത് കൈവരികയെന്ന് അറിയിക്കാമോ?

## ഭൂപരിഷ്കരണ നിയമം

4428. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം നിലവിൽ വന്നശേഷം എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തത്;

(ബി) ഇതിൽ എത്ര ഏക്കർ ഭൂമി ഇതുവരെ ഭൂരഹിതർക്ക് വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ?

## ഓൺലൈനായി നികുതി അടക്കുന്നതിനുള്ള സംവിധാനം

4429. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ, വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസർമാർക്ക് വിവിധ വെബ് സൈറ്റുകളിൽ (RELIS, RR online, E-district) ലോഗിൻ ചെയ്യേണ്ടതായിവരുന്നത് മൂലം ഉണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കി ഒരു ലോഗ്-ഇൻ-ലൂടെ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കൽ

4430. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എവിടെയെല്ലാമാണ് ഭൂമി കൈയ്യേറ്റം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ചു എന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

## അനധികൃത ഭൂമി കയ്യേറ്റങ്ങൾ

4431. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അനധികൃത ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിലൂടെ എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട്; എത്ര ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ടാണ് കേസ് നിലനിൽക്കുന്നത്; ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ?

വൻകിട കൈയ്യേറ്റം ഒഴിപ്പിക്കൽ

4432. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൻകിട കൈയ്യേറ്റം നടത്തിയ എത്രപേരെ ഒഴിപ്പിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര ഏക്കർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റം

4433. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും സർക്കാർ ഭൂമി അനധികൃതമായി കയ്യേറുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് സാധിക്കാത്തത് എന്തുകൊണ്ടാണ്; അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള കയ്യേറ്റകേസുകൾ ഫലപ്രദമായി ഒഴിപ്പിക്കുന്നതിന് സാധിക്കാത്ത സഹാചര്യമുണ്ടായിട്ടുണ്ടോ;

(ഡി) കയ്യേറ്റക്കാർക്ക് ലഭിക്കുന്ന രാഷ്ട്രീയ പിൻബലം, നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം

4434. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് എത്രപേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർ SC/ST വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്നും വ്യക്തമാക്കാമോ?

പട്ടയ മേള

4435. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയ മേള നടത്തി എത്ര പേർക്ക് പുതുതായി പട്ടയം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

പട്ടയ വിതരണം

4436. ശ്രീ.മഞ്ഞളാംകുഴി അലി

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയതായി എത്ര പേർക്ക് പട്ടയം നൽകാനുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

തിമിരി, ചീമേനി വില്ലേജുകളിൽ പട്ടയം ലഭിക്കാനുള്ളവർ

4437. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തിമിരി, ചീമേനി വില്ലേജുകളിൽ കൈവശക്കാരായ എത്രപേർക്ക് ഇനിയും പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

മൂക്കന്നൂർ വില്ലേജിലെ മുപ്പത്തി ഒന്ന് കുടുംബങ്ങൾക്ക് പട്ടയം

4438. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ വില്ലേജിലെ എടലക്കാട് കരയിൽ താമസിക്കുന്ന മുപ്പത്തി ഒന്ന് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പട്ടയം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ താലൂക്കിലെ പുറമ്പോക്ക് ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം.

4439. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഓഫീസിൽ റവന്യൂ പുറമ്പോക്ക്, പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പുകൽപ്പിക്കുവാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ആലത്തൂർ നിയേജാകമണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനായി അപേക്ഷിച്ചവരുടെ പേരുവിവരം ലഭ്യമാക്കാമോ?

വസ്തുവകകൾ പോക്കുവരവ് ചെയ്തു കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ

4440. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ മൂലങ്കുഴിയിൽ ബീച്ച് റോഡ് നിവാസികളായ ആർ.കെ.കോളനിയിലെ 29 പേർ തീറാധാരപ്രകാരം സിദ്ധിച്ചിട്ടുള്ള വസ്തുവകകൾ പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ പോക്കുവരവ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പ് മന്ത്രിയുടെ 22.08.2019 ലെ 3715856/വി.ഐ.പി./2019/എം.ഐ.എൻ.(റവ.)നമ്പർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 26.10.2019- ൽ കൊച്ചി തഹസിൽദാർ സമർപ്പിച്ച അടിയന്തര റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(സി) 20വർഷത്തിലധികമായി പ്രസ്തുത ഭൂമിയിൽ വീട് വച്ച് താമസിക്കുന്ന നിർദ്ധനരും മത്സ്യത്തൊഴിലാളികളുമായ അപേക്ഷകരുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പോക്കുവരവ് സംബന്ധിച്ച ഫയലിൽ അടിയന്തര തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച റവന്യൂ ഫയൽ നമ്പറും പ്രസ്തുത ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

<u>കോഴിക്കോട് ജില്ലയിൽ അനുവദിച്ച പട്ടയങ്ങളുടെ കണക്ക്</u>

4441. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടയം നൽകിയതിന്റെ ജില്ലാ തലത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ അനുവദിച്ച പട്ടയങ്ങളുടെ താലൂക്ക് തലത്തിലുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കാമോ?

<u>കാസർഗോഡ് ജില്ലയിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം</u>

4442. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന എത്ര പേർക്ക് ഇനിയും പട്ടയം കിട്ടാനുണ്ടെന്നും പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>മാനന്തവാടി താലൂക്കിൽ പട്ടയം ലഭിക്കാത്ത അപേക്ഷകർ</u>

4443. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിൽ ഇനിയും പട്ടയം ലഭിക്കാത്ത എത്ര അപേക്ഷകരുണ്ടെന്ന കണക്ക് വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ച ഏറ്റവും അവസാനത്തെ നടപടിക്രമം എന്താണെന്ന്

വ്യക്തമാക്കാമോ;

(സി) മാനന്തവാടി താലൂക്കിൽ സർക്കാർ ഉത്തരവുകൾ പ്രകാരം പട്ടയം ലഭിക്കാൻ യോഗ്യമായ എത്ര കേസുകൾ ഉണ്ട് എന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

## പൊഴിയൂരിൽ മത്സ്യത്തൊഴിലാളികൾക്ക് പട്ടയവിതരണം

4444. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂരിലെ മത്സ്യത്തൊഴിലാളികൾക്കുള്ള പട്ടയവിതരണത്തിന് ഇതുവരെ എടുത്ത നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയവിതരണം നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ഏതെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എത്ര കുടുബങ്ങൾക്കാണ് പൊഴിയൂരിൽ പട്ടയവിതരണം നടത്താനുള്ളതെന്ന് വിശദമാക്കുമോ?

## മാർക്കറ്റ് വില നിശ്ചയിച്ചുള്ള പട്ടയ വിതരണം

4445. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മാർക്കറ്റ് വില നിശ്ചയിച്ച് എത്രപേർക്ക് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തീരുമാനം എപ്പോഴാണെടുത്തതെന്നും തീരുമാനം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ എപ്പോഴാണെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) ഓരോരുത്തർക്കും നിശ്ചയിച്ച മാർക്കറ്റ് വിലയും അതനുസരിച്ച് പട്ടയം സ്വീകരിച്ചവരുടെ പേരുവിവരവും വ്യക്തമാക്കാമോ;

(ഡി) മാർക്കറ്റ് വില നൽകി ഇനിയും പട്ടയം വാങ്ങാത്തവരുടെ കാര്യത്തിൽ എന്താണ് അന്തിമതീരുമാനമെന്ന് വ്യക്തമാക്കാമോ?

## തോട്ടഭൂമിയുടെ സർവേ നമ്പറിൽ ഉൾപ്പെട്ടവർക്ക് പട്ടയം

4446. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമിക്ക് പുറത്ത് പതിറ്റാണ്ടുകളായി നിരവധി ജനങ്ങൾ സ്ഥിരതാമസമുള്ള സ്ഥലങ്ങൾ തോട്ട ഭൂമിയുടെ സർവേ നമ്പറിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ ഇവർക്ക് പട്ടയം നിഷേധിക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണക്കാരായ ഇത്തരം ആളുകൾക്ക് പട്ടയം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഭൂപ്രശ്നങ്ങൾക്ക് പരിഹാരം

4447\. ശ്രീ.കെ. രാജൻ

ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘകാലമായി നിലനിന്നിരുന്ന ഏതൊക്കെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഈ സർക്കാർ വിജയിച്ചുവെന്നറിയിക്കുമോ;

(ബി) ഇടുക്കി പദ്ധതി പ്രദേശത്ത് പത്ത് ചങ്ങലയിൽ മൂന്ന് ചങ്ങല വിട്ടുള്ള പ്രദേശത്ത് കാലങ്ങളായി താമസിച്ചുവരുന്ന എല്ലാവർക്കും പട്ടയ വിതരണം നടത്തിയിട്ടുണ്ടോ;

(സി) മൂന്ന് ചങ്ങലക്കകത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി ലഭിച്ചുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ;

(ഡി) എറണാകുളം ജില്ലയിലെ ചേരനല്ലൂരിൽ പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ആറളം വില്ലേജിൽ അമ്പലക്കണ്ടിയിൽ 70 വർഷത്തോളമായി നിലനിന്ന ഭൂപ്രശ്നം പരിഹരിച്ചതെങ്ങനെയെന്നറിയിക്കുമോ;

(എഫ്) കൊല്ലം പുനലൂർ സാംനഗർ, വർക്കല നാവായിക്കുളം നൈനാം കോണം കോളനി, പത്തനംതിട്ട റാന്നി അത്തിക്കയം വില്ലേജിലെ ഭൂമി എന്നിവിടങ്ങളിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായ വിതരണം

4448\. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിലും 2019-ൽ ഉണ്ടായ അതിവൃഷ്ടിയിലും പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; നാശനഷ്ടം നേരിട്ട വീടുകളുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) നാശനഷ്ടം നേരിട്ടവർക്കുള്ള ധനസഹായ വിതരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് എത്ര വീതം ധനസഹായം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് നൽകാൻ ബാക്കിയുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായവിതരണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ പാളിച്ചകൾ

4449. ശ്രീ.വി.ഡി.സതീശൻ

,, വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ താളം തെറ്റുകയും ഇതിനായി വകയിരുത്തിയ തുക ചില വ്യക്തികളുടെ അക്കൗണ്ടുകളിലേയ്ക്ക് വക മാറ്റുകയും ചെയ്ത സംഭവം അതീവ ഗൗരവമേറിയതല്ലേ എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ പാളിച്ചകൾ ജില്ലാ അടിസ്ഥാനത്തിൽ കണ്ടെത്തി നടപടി സ്വീകരിക്കാൻ വകുപ്പുതല അന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട നിരവധി പേർക്ക് ഇനിയും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതികളിൽ ഇനിയും തീർപ്പ് കല്പിക്കാനുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>തൃശ്ശൂർ ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണം</u>

4450. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന തൃശ്ശൂർ ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ദുരന്ത നിവാരണ വകുപ്പിന്റെ 5.9.2019 ലെ 583/2019/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് നിർവ്വഹണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>കൊച്ചി നഗരത്തിൽ ഓപ്പറേഷൻ ബ്രേക്ക് ത്രൂ</u>

T 4451. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനായി നടപ്പിലാക്കുന്ന ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, പള്ളുരുത്തി, തോപ്പുംപടി, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി ഉൾപ്പെടെയുള്ള ഡിവിഷനുകളിലെ ജനവാസകേന്ദ്രങ്ങളിലേക്ക് മുൻപെങ്ങുമില്ലാത്ത രീതിയിൽ വെള്ളം കയറുന്നത് തടയാൻ ആവശ്യമായ നടപടികൾ ഓപ്പറേഷൻ ബ്രേക്ക് ത്രൂവിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോർപ്പറേഷനിലെ 15, 16 ഡിവിഷനുകളിൽ കായലിൽ നിന്ന് വെള്ളം കയറുന്നത് തടയാനായി കൾവർട്ടും സ്ലൂയിസും പണിയുന്നതിനായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 19 ലക്ഷം രൂപയുടെ പ്രവൃത്തി നാളിതുവരെ കരാർ ഏറ്റെടുത്തിട്ടും നടക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഓപ്പറേഷൻ ബ്രേക്ക് ത്രൂവിൽ ഉൾപ്പെടുത്തി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പശ്ചിമ കൊച്ചിയിലെ വെള്ളക്കെട്ടും കാലവർഷത്തിൽ വെള്ളം കയറാനുള്ള സാഹചര്യവും കണക്കിലെടുത്ത് ഓപ്പറേഷൻ ബ്രേക്ക് ത്രൂ ടീം സ്ഥലം സന്ദർശിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

<u>നീന്തൽ പരിശീലന സൗകര്യങ്ങളുടെ അപര്യാപ്തത</u>

4452. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അപകട മരണങ്ങളിൽ മുങ്ങിമരണത്തിനാണ് രണ്ടാം സ്ഥാനം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം ജലാശയങ്ങളും നദികളുമൊക്കെയുള്ള സംസ്ഥാനത്ത് ഭൂരിപക്ഷം കുട്ടികൾക്കും നീന്തൽ വശമില്ലെന്നത് പരിശോധിക്കുക ഉണ്ടായോ;

(സി) സംസ്ഥാനത്തെ നീന്തൽ പരിശീലനത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>കോതമംഗലം താലൂക്കിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ</u>

4453. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം താലൂക്കിലെ വിവിധ പഞ്ചായത്ത്/മുൻസിപ്പൽ പ്രദേശത്ത് എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം ആണ് അനുവദിച്ചിട്ടുള്ളത്;

(സി) തുക അനുവദിച്ചിട്ടുള്ള റോഡുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ഡി) റവന്യൂ വകുപ്പിൽ നിന്നും (സാധാ) ഉത്തരവ് നം. 660/2019/DMD 20/9/2019തീയതി പ്രകാരം കോതമംഗലം താലൂക്കിൽ വിവിധ പഞ്ചായത്ത് / മുൻസിപ്പൽ പ്രദേശങ്ങളിൽ അനുവദിച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഇ) ഇതിൽ എത്ര റോഡുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട് ; ടെണ്ടർ നടപടി ആരംഭിക്കാത്ത പ്രവൃത്തികളിൽ എന്തു കൊണ്ടാണ് ടെണ്ടർ നടപടി വൈകുന്നത് എന്ന് വിശദമാക്കാമോ;

(എഫ്) കാലതാമസം ഒഴിവാക്കി മുഴുവൻ പ്രവൃത്തികളും വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ദുരിതാശ്വാസ കേന്ദ്രങ്ങൾ</u>

4454. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എവിടെയാണ് ഇത് സ്ഥാപിക്കുന്നതെന്നും എത്ര പേരെ പാർപ്പിക്കാനുള്ള സൗകര്യമാണ് ഒരുക്കുന്നതെന്നും വിശദമാക്കാമോ?

<u>പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം</u>

4455. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം ലഭ്യമാവാത്ത നിരവധി പേർ ഇപ്പോഴും അവശേഷിക്കുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് താലൂക്കിൽ ഓരോ വില്ലേജ് തലത്തിലും എത്ര പേർക്ക് വീതം ധനസഹായം ലഭ്യമാക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ;

(സി) ധനസഹായം ലഭ്യമാക്കുന്നതിൽ വീഴ്ച വരാനിടയാക്കിയ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

<u>റിവർ മാനേജ്മെന്റ് റിസർവ് ആന്റ് ട്രെയിനിംഗ് സെന്റർ</u>

4456. ശ്രീ.എം.ഉമ്മർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.കെ.ബഷീർ

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളെക്കുറിച്ചുള്ള ഗവേഷണത്തിനായി റവന്യു വകുപ്പിന്റെ കീഴിൽ റിവർ മാനേജ്മെന്റ് റിസർവ് ആന്റ് ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) നദികളെക്കുറിച്ചുള്ള ഗവേഷണ പദ്ധതിയുടെ പുരോഗതിക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്</u>

4457. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 2019 ഡിസംബർ 31-ലെ കണക്ക് പ്രകാരം എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്ര പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) അതിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്; പ്രവൃത്തി ആരംഭിച്ചവയുടേയും പൂർത്തീകരിച്ചവയുടേയും ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിലെ ഫണ്ട് മറ്റേതെങ്കിലും ജില്ലയിലെ പ്രവൃത്തികൾക്കായി വകമാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്</u>

4458. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് 2019 മാർച്ച് മാസത്തിൽ സർക്കാർ തിരിച്ചെടുത്തിരുന്നോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഈ അക്കൗണ്ടിൽ നിന്ന് എത്ര രൂപയാണ് സർക്കാർ എടുത്തതെന്ന് അറിയിക്കാമോ;

(സി) 2019 മാർച്ചിൽ എടുത്ത തുകയിൽ എത്ര രൂപ നാളിതുവരെയായി തിരിച്ചു നൽകിയെന്ന് അറിയിക്കാമോ;

(ഡി) തുടർച്ചയായ പ്രളയങ്ങൾ മൂലം ചാലിയാറിന്റെ കര ആക്കോട് പുള്ളശ്ശീരി താഴം, കൊന്നാര് മഖാം ഭാഗങ്ങളിൽ ഇടിഞ്ഞ് ജീവനും സ്വത്തിനും ഭീഷണിയായിട്ടും കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ പ്രധാന കാരണം വ്യക്തമാക്കുമോ?

<u>മഞ്ചേശ്വരം മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ</u>

4459. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് കാസർഗോഡ് ജില്ലയിൽ എത്ര തുകയുടെ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ പട്ടിക തുക സഹിതം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൂർത്തിയാക്കാനുള്ള ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പട്ടിക തുക സഹിതം ലഭ്യമാക്കാമോ?

<u>നെൽവയൽ-തണ്ണീർത്തട സംരക്ഷണ നടപടികൾ</u>

4460. ശ്രീ.എം. സ്വരാജ്
,, സി. കെ. ശശീന്ദ്രൻ
,, മുരളി പെരുനെല്ലി
,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നിയമലംഘനങ്ങൾ തടയുന്നതിന് റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം അവബോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ആധാർ അധിഷ്ഠിത തണ്ടപ്പേര്</u>

4461. ഡോ.എം. കെ. മുനീർ **:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആധാർ വിവരങ്ങൾ പൗരന്റെ അടിസ്ഥാന ഘടകങ്ങളുമായി ബന്ധിപ്പിക്കുന്നത് സുപ്രീംകോടതി തന്നെ ഉത്തരവിലൂടെ തടഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഒറ്റ തണ്ടപേർ പദ്ധതി ആധാർ അധിഷ്ഠിതമായി ബന്ധിപ്പിക്കുന്നത് നിയമവിരുദ്ധമല്ലേ എന്ന് വ്യക്തമാക്കാമോ?

<u>മാനന്തവാടി താലൂക്കിലെ റവന്യൂ ഭൂമി</u>

4462. ശ്രീ.ഒ. ആർ. കേളു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിലെ ആകെ റവന്യൂ ഭൂമി എത്രയാണെന്ന കണക്ക് വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത താലൂക്കിലെ ഏതെങ്കിലും റവന്യൂ ഭൂമി അനധികൃതമായി കയ്യേറിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളും ഏതെല്ലാം വില്ലേജിലാണ് ഇത്തരം സംഭവങ്ങൾ ഉള്ളതെന്നും വ്യക്തമാക്കാമോ?

<u>ഭൂമി ഏറ്റെടുക്കുന്ന രണ്ട് ഹെഡ്ഡുകൾ നിർത്തലാക്കിയ നടപടി</u>

4463. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സർക്കാർ ആവശ്യങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി ഭൂമി ഏറ്റെടുക്കുന്ന രണ്ട് ഹെഡ്ഡുകൾ നിർത്തലാക്കിയ വിഷയത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഈ രണ്ട് ഹെഡ്ഡുകൾ നിർത്തലാക്കിയ വിവരം ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്നത് ആരാണ്; വ്യക്തമാക്കുമോ;

(ഡി) ഹെഡ് മാറ്റിയതുവഴി ഭൂമി പൊതു ആവശ്യങ്ങൾക്ക് ഏറ്റെടുക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ</u>

4464. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്ങളം മുതൽ അഴിയൂർ വരെയുള്ള ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; അറിയിക്കുമോ?

<u>കഴക്കൂട്ടം റെയിൽവേ ഓവർബ്രിഡ്ജിന് സ്ഥലം ഏറ്റെടുത്തതിന് നഷ്ടപരിഹാരം</u>

4465. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടം വില്ലേജിലെ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനായി റീസർവ്വേ 304/41- ൽ പ്പെട്ട 0.53 ആർ സ്ഥലം സർക്കാർ ഏറ്റെടുത്ത വകയിൽ ഉടമയ്ക്ക് നൽകിയ നഷ്ടപരിഹാരം തൃപ്തികരമല്ലെന്ന് കാണിച്ച് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR No. 217/2011 കേസിലെ വിധി എന്തായിരുന്നു എന്നും പ്രസ്തുത വിധി പ്രകാരം നഷ്ടപരിഹാരം എത്ര രൂപയായാണ് ഉയർത്തിയത് എന്നും കോടതി ഉയർത്തി നിശ്ചയിച്ച നഷ്ടപരിഹാര തുക സ്ഥലം ഉടമയ്ക്ക് നൽകിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കോടതിവിധിയെത്തുടർന്ന് സ്ഥലമുടമ കോടതിയിൽ കെട്ടിവെക്കേണ്ട തുകയും സ്ഥലമേറ്റെടുപ്പ് ഉദ്യോഗസ്ഥൻ കോടതിയിൽ നിക്ഷേപിക്കേണ്ട തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോടതിവിധിയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറും സർക്കാരും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ദേശീയ പാത **66** വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ</u>

4466. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66 വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപ്പെടുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ തുക ഗണ്യമായി കുറച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതിനുശേഷം ആധാരങ്ങളും അനുബന്ധ രേഖകളും ജനങ്ങൾ സമർപ്പിച്ചുകഴിയുമ്പോൾ ആനുകൂല്യങ്ങൾ ഗണ്യമായി വെട്ടിക്കുറക്കുന്നത് ഭൂമി വിട്ടുനൽകുന്ന ജനങ്ങളെ വഞ്ചിക്കുന്ന നടപടിയാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

വടക്കാഞ്ചേരി സർക്കാർ ഉദ്യോഗസ്ഥ സഹകരണ സംഘത്തിന്റെ ഭൂമി

4467. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥ സഹകരണ സംഘം കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെയും അപേക്ഷയുടെയും പകർപ്പ് ലഭ്യമാക്കുമോ?

മിച്ചഭൂമിയുടെ കണക്ക്

4468. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഔദ്യോഗിക രേഖകൾ പ്രകാരം എത്ര മാത്രം മിച്ചഭൂമിയുണ്ടെന്നുള്ള വിശദ വിവരം നൽകുമോ;ജില്ല തിരിച്ചുള്ള നൽകുമോ?

മിച്ചഭൂമി/പുറമ്പോക്ക് ഭൂമിയിൽ ക്വാറി

4469. ശ്രീ.അബ്ദുൽ ഹമീദ് പി.
,, മഞ്ഞളാംകുഴി അലി
,, എൻ .എ.നെല്ലിക്കുന്ന്
,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പതിച്ചു കൊടുക്കാൻ പറ്റാത്ത മിച്ചഭൂമി/പുറമ്പോക്ക് ഭൂമി എന്നിവയിൽ ക്വാറി നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്കോ മറ്റോ എൻ.ഒ.സി. നൽകുന്ന നടപടി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഏതൊക്കെ ജില്ലകളിൽ എവിടെയെല്ലാം സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ പതിച്ചു കൊടുക്കാൻ പറ്റാത്ത മിച്ചഭൂമി/പുറമ്പോക്ക് ഭൂമി എന്നിവയിൽ കരിങ്കൽ ഖനനം ചെയ്യുന്നതിന് സ്വകാര്യ വ്യക്തികൾക്കോ മറ്റോ വകുപ്പ് എൻ.ഒ.സി. നൽകി വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ ക്വാറികൾക്ക് വേണ്ടി എൻ.ഒ.സി. നൽകിയ മിച്ചഭൂമി/പുറമ്പോക്ക് ഭൂമി സ്ഥലങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഭൂപരിഷ്കരണ നിയമം കർശനമാക്കൽ

4470. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളും സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന അധിക ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ താലൂക്ക് ലാന്റ് ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എല്ലാവർക്കും വീട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഭൂമി സർക്കാരിന്റെ പക്കലില്ലാത്ത സാഹചര്യത്തിലാണോ ഭൂപരിഷ്ക്കരണ നിയമം കർശനമാക്കുന്നതെന്നത് വ്യക്തമാക്കുമോ?

<u>ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി.ക്ക് നൽകിയ പാട്ടഭൂമി</u>

4471. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൊൻമുടി പദ്ധതിയ്ക്കുവേണ്ടി കെ.എസ്.ഇ.ബി.ക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ; പ്രസ്തുത ഭൂമി കെ.എസ്.ഇ.ബി. രാജക്കാട് സഹകരണ ബാങ്കിന് വീണ്ടും പാട്ടത്തിന് നൽകിയത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഇടുക്കി ജില്ലാകളക്ടർ അന്വേഷണ റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പൊൻമുടി പദ്ധതിയ്ക്കുവേണ്ടി കെ.എസ്.ഇ.ബി.ക്ക് നൽകിയ ഭൂമി അനധികൃതമായി മറിച്ചുവിറ്റത് നിയമവിരുദ്ധമെങ്കിൽ ഇത് തിരിച്ചു പിടിക്കുവാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

<u>പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ വിവരശേഖരണം</u>

4472. ശ്രീ.മഞ്ഞളാംകുഴി അലി
,, പി.ഉബൈദുള്ള
,, ടി. വി. ഇബ്രാഹിം
,, എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിനു നൽകിയിട്ടുള്ളത് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ രൂപീകരിച്ച ലീസ് മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണെന്ന് അറിയിക്കാമോ;

(ബി) പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയെ സംബന്ധിച്ച് പതിനാല് ജില്ലകളിലും വിവരശേഖരണം നടത്തി സമഗ്രമായ രജിസ്റ്റർ ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിൽ തയ്യാറായിട്ടുണ്ടോ;

(സി) എങ്കിൽ ഇതുപ്രകാരം ഓരോ ജില്ലയിലും പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ വിസ്തൃതി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പാട്ടഭൂമി പാട്ട വ്യവസ്ഥകൾ പാലിക്കാതെ കൈവശം വച്ചിട്ടുള്ളവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഇ) ലീസ് മിഷന്റെ രൂപീകരണശേഷം പാട്ടക്കുടിശ്ശിക ഇനത്തിൽ ഓരോ ജില്ലയിലും പിരിച്ചെടുക്കാനുള്ള തുകയുടെയും പിരിച്ചെടുത്ത തുകയുടെയും കണക്ക് വ്യക്തമാക്കുമോ?

<u>സംസ്ഥാന ഭൂവിനിയോഗ ബോർഡ്</u>

4473. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തന കാര്യക്ഷമത വിശദീകരിക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത ബോർഡ് സംസ്ഥാന സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ബോധവത്ക്കരണം നടത്തുന്നതിനായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

<u>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ഭൂമി</u>

4474. ശ്രീ.എൻ. ഷംസുദ്ദീൻ

,, പി.ഉബൈദുള്ള

,, ടി. വി. ഇബ്രാഹിം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ സംസ്ഥാന സർക്കാരിന് ഉള്ള അധികാര-അവകാശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ അത്തരം സ്ഥാപനങ്ങൾ വിറ്റഴിക്കുമ്പോൾ അതിന്റെ ഭൂമിയുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് നടപടി സ്വീകരിക്കാനുള്ള സാദ്ധ്യതകളുടെ നിയമവശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തെ പൊതുഭൂമി വിദേശീയരുൾപ്പെടെയുള്ള സ്വകാര്യ വ്യക്തി/സ്ഥാപനങ്ങളുടെ കൈവശമാകാതിരിക്കാനുള്ള നടപടികളെക്കുറിച്ച് പരിശോധിക്കുമോ?

<u>പ്രളയത്തിൽ വീട് തകർന്ന യുവാവിന്റെ ആത്മഹത്യ</u>

4475. ശ്രീ.ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ പ്രളയത്തിൽ വീട് തകർന്ന മേപ്പാടി പഞ്ചായത്തിലെ മൂഞ്ഞനാലിൽ സനിൽ എന്ന യുവാവ് തൂങ്ങിമരിച്ച സംഭവം അതീവ ഗൗരവമേറിയതല്ലേ എന്ന് വ്യക്തമാക്കുമോ ;

(ബി) 2019 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ സനിലും കുടുംബവും താമസിച്ച വീട് തകർന്നിട്ടും

ഇവർക്ക് ദുരിതാശ്വാസം ലഭ്യമാക്കാത്തതിന്റെ കാര്യങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രളയ ദുരിതാശ്വാസത്തിനായി വകയിരുത്തിയ തുക അർഹർക്ക് ലഭിക്കാതിരിക്കുകയും അനർഹർ തട്ടിയെടുക്കുകയും ചെയ്യുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂർ ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികൾ

4476. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ ആറ് മാസത്തിനുള്ളിൽ കരാറിൽ ഏർപ്പെട്ടില്ല എന്ന കാരണത്താൽ അനുമതി നിഷേധിച്ച് റദ്ദാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോക് സഭാ തെരഞ്ഞെടുപ്പിലെ പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള കാരണങ്ങളാൽ ആറ് മാസത്തിനകം കരാർ വെക്കാൻ കഴിയാതെപോയ പ്രവൃത്തികൾക്ക് ഭരണാനുമതി ആക്കി നൽകാൻ കണ്ണൂർ ജില്ലാകളക്ടർ 00KNR/579/2020DM3 പ്രകാരം 03/02/2020-ന് സമർപ്പിച്ച കത്തിൽ ആവശ്യപ്പെട്ട വിവരം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിൽ പ്രളയ ധനസഹായം

4477. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയങ്ങളുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവരും അല്ലാത്തവരുമായ കോഴിക്കോട് ജില്ലയിലെ എത്ര പേർക്ക് 10,000 രൂപയുടെ ധനസഹായം നൽകി എന്നതിന്റെ പഞ്ചായത്ത്/വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ആയതിൽ ഇനിയും എത്ര പേർക്ക് ധനസഹായം ലഭ്യമാക്കാനുണ്ട് എന്നതിന്റെ കണക്കുകൾ ജില്ലയിലെ പഞ്ചായത്ത്/വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

പ്രളയത്തിൽ റോഡ് പുനർ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട്

4478. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ റോഡ് പുനർ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ടാറിംഗ് നടത്തിയ റോഡിന്റെ പുനർ നിർമ്മണത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നും മൺ റോഡുകൾ പുനർനിർമ്മിക്കാൻ ചെലവാക്കാൻ പാടില്ലെന്നുമുള്ള നിയമം മൂലം ഗ്രാമീണ റോഡുകൾ പുനർ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളുടെയോ ഗവൺമെന്റ് വകുപ്പുകളുടെയോ ഉടമസ്ഥതയിൽ ഉള്ള ഗ്രാമീണ റോഡുകളുടെ

പുനർ നിർമ്മാണത്തിന് പ്രളയ ദുരിതാശ്വാസ ഫണ്ട് ചെലവഴിക്കാൻ അനുമതി നൽകുമോ?

പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുതിയ സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിനുള്ള പദ്ധതി

T 4479. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018ലെ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുതിയ സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിനുള്ള പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തു എന്ന കണക്ക് താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2018ലെ പ്രളയത്തിൽ വീടും സ്ഥലവും പൂർണമായും നഷ്ടപ്പെട്ടിട്ടും പുതിയ സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിനുള്ള ധനസഹായം ലഭിക്കാത്ത ആരെങ്കിലും വയനാട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ താലൂക്ക് തിരിച്ചുള്ള കണക്കും ധനസഹായം നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

പിറവത്തെ വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സൗകര്യം

4480. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിൽ ഭൂമിസംബന്ധമായ നികുതികളും ഫീസുകളും ഓൺലൈൻ വഴി അടയ്ക്കുവാൻ സൗകര്യമുള്ള വില്ലേജ് ഓഫീസുകൾ ഏതൊക്കെയാണെന്ന വിവരം താലൂക്ക് തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ സ്മാർട്ട് വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

4481. ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ.ആന്റണി ജോൺ
,, ഒ. ആർ. കേളു
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ്, താലൂക്ക് ഓഫീസുകളിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എന്തെല്ലാം സേവനങ്ങളും സർട്ടിഫിക്കറ്റുകളുമാണ് ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്;

(സി) കരം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനവും എല്ലാ വില്ലേജ് ഓഫീസുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ടോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് കാർഡ് മുഖേന നികുതി സ്വീകരിക്കുന്ന രീതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>റവന്യൂ ഓഫീസുകളിൽ ഇ-ഗവേണൻസ് പദ്ധതി</u>

4482. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) എല്ലാ വില്ലേജ് ഓഫീസുകളും ഇ-ഗവേണൻസ് സേവനമുള്ള ഓഫീസുകളാക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) വില്ലേജാഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെയും ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) കൂടുതൽ വില്ലേജാഫീസുകളെ സ്മാർട്ട് ആക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>പാങ്ങോട് വില്ലേജ് ആഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ</u>

4483. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് വില്ലേജ് ആഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

<u>വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുവാൻ നടപടി</u>

4484. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, യു. ആർ. പ്രദീപ്

,, പുരുഷൻ കടലുണ്ടി

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വില്ലേജ് ഓഫീസുകളിൽ ഇ-ഡിസ്ട്രിക്ട് സംവിധാനം ശക്തിപ്പെടുത്തുന്നതിനും പരിമിതികൾ പരിശോധിച്ച് നവീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ നൽകുന്നതിലെ അകാരണമായ കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ</u>

4485. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>കായംകുളം മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ്</u>

4486. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ?

<u>താലൂക്ക് ആസ്ഥാനങ്ങളിലെ മിനി സിവിൽ സ്റ്റേഷൻ / റവന്യൂ ടവർ</u>

4487. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ പുതുതായി രൂപീകരിച്ച താലൂക്കുകളിൽ എത്ര താലൂക്ക് ആസ്ഥാനങ്ങളിലാണ് പുതുതായി മിനി സിവിൽ സ്റ്റേഷൻ/റവന്യൂ ടവർ അനുവദിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) 2012-ൽ പുതുതായി രൂപീകരിച്ച താലൂക്കുകളിലെ ആസ്ഥാനങ്ങളിൽ പുതുതായി മിനി സിവിൽ സ്റ്റേഷൻ/റവന്യൂ ടവർ അനുവദിക്കാത്ത താലൂക്കുകൾ എത്രയുണ്ടെന്നും അവ ഏതെന്നും അറിയിക്കുമോ; ഇവിടങ്ങളിൽ പുതുതായി മിനി സിവിൽ സ്റ്റേഷൻ/റവന്യൂ ടവർ അനുവദിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ റവന്യൂ ടവർ

4488\. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള റവന്യൂ ടവറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) റവന്യൂ ടവറിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ചെങ്ങന്നൂർ താലൂക്ക് ആഫീസിന് പുതിയ കെട്ടിടം

4489\. **ശ്രീ.സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ താലൂക്ക് ആഫീസുകൾ പ്രവർത്തിക്കുന്ന പഴയ കെട്ടിടങ്ങൾ കാലത്തിനനുസരിച്ച് പുതുക്കി നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ താലൂക്ക് ആഫീസിന്റെ ജീർണ്ണാവസ്ഥ മനസ്സിലാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## തലശ്ശേരിയിൽ ട്രഷറി നിർമ്മിക്കുന്നതിന് സ്ഥലം

4490\. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നഗരസഭയുടെ കൈവശമുള്ള സ്ഥലത്ത് പെൻഷൻ പേമെന്റ് ട്രഷറി നിർമ്മിക്കുന്നതിന് സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള (റവന്യൂ-എൽ) അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കൽപ്പറ്റയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ല ഓഫീസിന് സ്ഥലം

4491\. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ സിവിൽ സ്റ്റേഷനിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ലാ ഓഫീസ് പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

## റവന്യൂ ജീവനക്കാരുടെ പണിമുടക്ക്

4492\. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ജീവനക്കാർ 2020 ഫെബ്രുവരി 19ന് പണിമുടക്കിയതു മൂലം റവന്യൂ ആഫീസുകളുടെ പ്രവർത്തനം നിശ്ചലമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പണിമുടക്കിന് ആധാരമായി ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) 2020 ഫെബ്രുവരി19 ന് പണിമുടക്ക് ദിവസം ആഫീസുകളിൽ ജോലിക്ക് ഹാജരായവർ, അവധിയിൽ ആയിരുന്നവർ, പണിമുടക്കിയവർ, എന്നിവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) റവന്യൂവകുപ്പിലെ ആകെയുള്ള ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## വില്ലേജ് ഓഫീസർ തസ്തികയ്ക്ക് പുതിയ സ്കെയിൽ

T 4493. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വില്ലേജ് ഓഫീസർ തസ്തിക ഉയർത്തി പുതിയ സ്കെയിൽ നൽകുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## തിരുവനന്തപുരം കളക്ടർ നടത്തിവരുന്ന അദാലത്ത്

4494. **ശ്രീമതിഷാനിമോൾ ഉസ്മാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ല കളക്ടർ താലൂക്ക് അടിസ്ഥാനത്തിൽ നടത്തിവരുന്ന അദാലത്ത് തുടർച്ചയായി നടത്താറുണ്ടോ എന്നറിയിക്കുമോ;

(ബി) ഈ അദാലത്തുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി പരിഹാര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പുവരുത്താറുണ്ടോ;

(സി) കാട്ടാക്കട താലൂക്കിൽ നാളിതുവരെ ലഭിച്ച എല്ലാ പരാതികളിന്മേലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കളക്ടറുടെ താലൂക്കടിസ്ഥാനത്തിലുള്ള റവന്യൂ അദാലത്തുകൾ മുടക്കം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കട്ടപ്പന വില്ലേജിൽ വ്യാജ പട്ടയ തട്ടിപ്പ്

4495. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പന വില്ലേജിൽ വ്യാജ പട്ടയം ഉണ്ടാക്കി തണ്ടപ്പേർ രജിസ്റ്ററിലെ പേജ് കീറി മാറ്റി പുതിയ പേജ് ഒട്ടിച്ചുചേർത്ത് നടത്തിയ തണ്ടപ്പേർ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ

അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പ്രതികളായ ഉദ്യോഗസ്ഥർ മറ്റ് സമാനമായ തട്ടിപ്പുകൾ നടത്തിയിട്ടുണ്ടോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഇക്കാര്യം അന്വേ ഷിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>കൊച്ചി കരുവേലിപ്പടിയിലെ കനാലിന്റെ ഉടമസ്ഥാവകാശം</u>

4496. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ലാ റ്റി.ബി. സെന്ററിന്റെ കോമ്പൗണ്ടിനകത്തുകൂടി കടന്നുപോകുന്നതും അൻപതുവർഷത്തിലധികം പഴക്കമുള്ളതുമായ കനാലിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് 27.2.2020-ന് എം.എൽ.എ. എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>മലപ്പുറം ജില്ലയിലെ വില്ലേജുകളുടെ വിഭജനം</u>

4497. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പല വില്ലേജോഫീസുകളിലും ജോലിഭാരം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) മലപ്പുറം ജില്ലയിലെ ഏതെങ്കിലും വില്ലേജുകൾ വിഭജിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാടെന്താണെന്ന് അറിയിക്കുമോ?

<u>നിലമ്പൂർ മണ്ഡലത്തിലെ റവന്യൂ ഭൂമി</u>

4498. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ അനുയോജ്യമായ റവന്യൂ ഭൂമികൾ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണുള്ളതെന്ന് അറിയിക്കാമോ?

<u>മലപ്പുറം വള്ളിക്കുന്ന് നെറുങ്കൈതകോട്ട ക്ഷേത്രം ഏറ്റെടുക്കൽ</u>

4499. **ശ്രീ.അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതകോട്ട ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുരാവസ്തു ഡയറക്ടർ കാര്യാലയത്തിൽ നിന്ന് എ2-1458/2018/ഡിഎ നമ്പർ ആയി മലപ്പുറം ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് കത്തയച്ചിരുന്നുവോ;

(ബി) വള്ളിക്കുന്ന് ഭഗവതി ക്ഷേത്രത്തിന്റെ (മെക്കോട്ട ഭഗവതി ക്ഷേത്രം ഒഴികെയുള്ള എല്ലാ നിർമ്മിതികളും) റവന്യൂ വിശദ വിവരം -സ്മാരകത്തിന്റെ പേര്, സർവ്വേ നമ്പർ, മെട്രിക് അളവിലുള്ള വിസ്തീർണ്ണം, അതിർത്തി വസ്തുക്കളുടെ കൈവശക്കാരുടെ പേരുവിവരവും സർവ്വേ നമ്പറും എഫ്.എം.ബി. സ്കെച്ച് ആൻഡ് പ്ലാൻ എന്നിവ സഹിതം പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നുവോ;

(സി) ഈ വിഷയത്തിൽ 04.06.2019, 20.11.2019 തീയതികളിൽ പുരാവസ്തു വകുപ്പ് ഡയറക്ടർ കാര്യാലയത്തിൽ നിന്ന് ഓർമ്മക്കുറിപ്പുകൾ അയച്ചിരുന്നുവോ; പ്രസ്തുത വിഷയത്തിൽ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ഫയൽ നടപടി ആരംഭിച്ചിട്ടുണ്ടോ; ഫയൽ നമ്പർ സഹിതം വിവരം ലഭ്യമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എത്രയും പെട്ടെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊല്ലത്ത് കോടതി സമുച്ചയ നിർമ്മാണത്തിന് ഭൂമി

4500. **ശ്രീ.എം. മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടികൾ ത്വരിതപ്പെടുത്തി ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

## ജനസാന്ദ്രത കൂടിയ വില്ലേജുകളുടെ വിഭജനം

4501. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രത കൂടിയ റവന്യൂ വില്ലേജുകൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ ഏറ്റവും ജനസാന്ദ്രതയുള്ള ആദ്യത്തെ പത്ത് വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള വില്ലേജുകളുടെ വിഭജനം പരിഗണനയിലുണ്ടോ?

## നിലമ്പൂർ റവന്യൂ ടവർ സംബന്ധിച്ച ഫയൽ നടപടികൾ

4502. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ അനുവദിച്ച റവന്യൂ ടവറിന്റെ ഫയൽ നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഫയൽ നടപടി ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് അറിയിക്കാമോ?

കൽപ്പറ്റ മണ്ഡലത്തിലെ സർക്കാർ പുറമ്പോക്ക് ഭൂമി

4503. ശ്രീ.സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ മണ്ഡലത്തിൽ തരിശു കിടക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയുണ്ടോ; എങ്കിൽ ആയത് എവിടെയെല്ലാമാണെന്നും എത്ര അളവിലുള്ളതാണെന്നും സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിന്മേൽ നടപടി

4504. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് ഓഫീസിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഭൂമി പതിച്ചു നൽകൽ നടപടി റദ്ദാക്കൽ

4505. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്രമവിരുദ്ധമായി വിവിധ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചു നൽകിയ നടപടി റദ്ദാക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര വീതം ഭൂമിയാണ് പതിച്ചു നൽകൽ നടപടി റദ്ദ് ചെയ്ത് തിരിച്ചു പിടിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) സർക്കാർ ഇത്തരമൊരു തീരുമാനമെടുക്കുന്നതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ വില്ലേജുകൾ വിഭജിക്കണമെന്ന ആവശ്യം

4506. ശ്രീ.മഞ്ഞളാംകുഴി അലി

,, ടി. വി. ഇബ്രാഹിം

,, ടി.എ.അഹമ്മദ് കബീർ

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകൾ വിഭജിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ വിഭജനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ പല വില്ലേജാഫീസുകൾക്കും ജോലിഭാരം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മലപ്പുറം ജില്ലയിൽ ഏതെങ്കിലും വില്ലേജുകൾ വിഭജിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ നിലപാടെന്താണെന്ന് അറിയിയ്ക്കുമോ?

ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്ക മണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ്

4507. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട പള്ളിക്ക മണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കൊല്ലം കളക്ടേറ്റിലെ ഡെപ്യൂട്ടി കളക്ടർ (എൽ.എ) (ഫയൽ നം. എൽ.എ.6-64618/2018) നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ഭൂമി

4508. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ സംസ്ഥാന സർക്കാരിനുള്ള അധികാര അവകാശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ അത്തരം സ്ഥാപനങ്ങൾ വിറ്റഴിക്കുമ്പോൾ അതിന്റെ ഭൂമിയുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് നടപടി സ്വീകരിക്കാനുള്ള സാദ്ധ്യതകളുടെ നിയമവശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തെ പൊതുഭൂമി വിദേശീയരുൾപ്പെടെ സ്വകാര്യ വ്യക്തി/സ്ഥാപനങ്ങളുടെ കൈവശത്തിലാകാതിരിക്കാനുള്ള നടപടികളെക്കുറിച്ച് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

സർവ്വേ ഭൂരേഖ വകുപ്പിലെ ഒഴിവുകൾ

T 4509. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ഭൂരേഖ വകുപ്പിൽ രണ്ടാം ഗ്രേഡ് സർവ്വേയറുടെ കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു; നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനമാണ് നടന്നത്;

(ബി) സർവ്വേ ഭൂരേഖ വകുപ്പിൽ നിലവിൽ ഒന്നാം തരം സർവ്വേയർ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ

എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി പ്രൊമോഷൻ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വേ ഭൂരേഖ വകുപ്പിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവസാന നിയമനം നടന്നതിനു ശേഷം എത്ര എൻ.ജെ.ഡി ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; അത്തരം ഒഴിവുകൾ ഏതെല്ലാം വിഭാഗത്തിലാണ്;

(ഡി) പ്രസ്തുത വകുപ്പിൽ 2020 ഡിസംബർ 31 വരെ രണ്ടാംതരം സർവ്വേയർ, ഒന്നാം തരം സർവ്വേയർ, ഹെഡ് സർവ്വേയർ എന്നീ തസ്തികകളിൽ വിരമിക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെഎന്നറിയിക്കാമോ ;

(ഇ) പ്രസ്തുത വകുപ്പിൽ നിലവിൽ എൽ. ഡബ്ല്യു.എ. ഒഴിവുകൾ ഉണ്ടെങ്കിൽ എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നു; ഒഴിവ് നികത്തുന്നതിന്റെ നടപടികൾ ഏതുവരെയായി ; പ്രസ്തുത ഒഴിവുകൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമായെന്ന് വ്യക്തമാക്കാമോ;

(എഫ്) സർവ്വേ ഭൂരേഖ വകുപ്പിൽ തുല്യയോഗ്യതയും തുല്യശമ്പളവുമുള്ള രണ്ടാംതരം സർവ്വേയറുടെയും ഡ്രാഫ്റ്റ്മാന്റെയും തസ്തികകളിൽ ഉണ്ടാകുന്ന നിലവിലെ ഒഴിവുകൾ 3000 പേരുൾപ്പെട്ട നിലവിലെ രണ്ടാംതരം സർവ്വേയർ റാങ്ക് പട്ടികയിൽ നിന്നും നികത്തുമോ;

(ജി) സംസ്ഥാനത്ത് സർവ്വേ നടപടികൾക്കായി സർവ്വേയർമാരുടെ ഒഴിവുകൾ വേണ്ടത്ര ഇല്ലാത്തതിനാൽ ഈ തസ്തികയിൽ അധികമായി പോസ്റ്റുകൾ സൃഷ്ടിക്കുമോ; വിശദമാക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ റീസർവ്വേ പൂർത്തീകരിക്കാനുള്ള വില്ലേജുകൾ</u>

4510. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഇനിയും റീസർവ്വെ പൂർത്തീകരിക്കാനുള്ള എത്ര വില്ലേജുകളുണ്ടെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>പള്ളിപ്പുറം, അർത്തുങ്കൽ, കൊക്കോതമംഗലം എന്നീ വില്ലേജുകളിലെ റീസർവ്വേ</u>

4511. **ശ്രീമതിഷാനിമോൾ ഉസ്മാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ പള്ളിപ്പുറം, അർത്തുങ്കൽ, കൊക്കോതമംഗലം എന്നീ വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് വർഷം എന്ന് അറിയിക്കാമോ;

(ബി) ഇതിന് ഓരോ വില്ലേജിലും എത്ര രൂപ ചെലവായി എന്ന് അറിയിക്കുമോ;

(സി) റീസർവ്വേ നടപടി പൂർത്തീകരിച്ചെങ്കിൽ അത് റവന്യൂ വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>റീസർവ്വേയിലെ തിരുത്തലിന് ലഭിച്ച അപേക്ഷകൾ</u>

4512. ശ്രീ.എം. സി. കമറുദ്ദീൻ

,, ടി.എ.അഹമ്മദ് കബീർ

,, പി.കെ.അബ്ദു റബ്ബ്

ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയ്ക്ക് ശേഷം തയ്യാറാക്കിയ റവന്യൂ രേഖകളിൽ ഭൂമിയുടെ തരം, ഇനം, വിസ്തൃതി തുടങ്ങിയവയിൽ കടന്നു കൂടിയ തെറ്റുകൾ തിരുത്തുന്നതിന് ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നൽകിയ നിർദ്ദേശം നടപ്പിലാക്കിക്കഴിഞ്ഞോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആറു മാസത്തിലേറെയായിട്ടും പരിഹാരമാവാത്ത അപേക്ഷകളേതെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ താലൂക്ക് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) മനഃപൂർവ്വമായി ക്രമക്കേട് നടത്തിയതിന് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ?

<u>സർവ്വേ ഡയറക്ടറുടെ സ്ഥലം മാറ്റം</u>

4513. ശ്രീ.പി.ടി. തോമസ്

,, അനൂപ് ജേക്കബ്

ശ്രീമതിഷാനിമോൾ ഉസ്മാൻ

ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വേ ഡയറക്ടറെ ചട്ടങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ റവന്യൂ സെക്രട്ടറി ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സത്യസന്ധരായ ഉദ്യോഗസ്ഥരെ മതിയായ കാരണങ്ങൾ ഇല്ലാതെ സ്ഥലംമാറ്റുന്നത് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കാൻ ഇടയാക്കുകയില്ലേ;

(ഡി) പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ ഈ തീരുമാനം റദ്ദാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ</u>

4514. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് ഓഫീസിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകൾ 2019 ജൂൺ മുതൽ 2020 ജനുവരി വരെ വില്ലേജുകളിൽ നിന്നും ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ അപേക്ഷയും സർക്കാർ പ്രസ്സിലേക്ക് അയച്ച തീയതിയും നമ്പറും വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും അപേക്ഷകൾ സർക്കാർ പ്രസ്സിലേക്ക് അയച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

<u>വള്ളിക്കുന്ന്, അരിയല്ലൂർ, മൂന്നിയൂർ, തേഞ്ഞിപ്പാലം വില്ലേജുകളിലെ പുഴ പുറമ്പോക്കുകൾ</u>

4515. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കിലെ വള്ളിക്കുന്ന്, അരിയല്ലൂർ, മൂന്നിയൂർ, തേഞ്ഞിപ്പാലം വില്ലേജുകളിലെ പുഴ പുറമ്പോക്കുകളുടെ ബ്ലോക്ക് നമ്പറും സർവ്വേനമ്പറും എഫ്.എം.ബി. സ്കെച്ചും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ പുഴ പുറമ്പോക്കുകളുടെ വിസ്തൃതി സർവ്വേനമ്പർ തിരിച്ച് വ്യക്തമാക്കാമോ;

(സി) വള്ളിക്കുന്ന് വില്ലേജിലെ മിച്ചഭൂമിയുടെയും സർവ്വേ പുറമ്പോക്ക് ഭൂമിയുടെയും സർവ്വേ നമ്പറും സർവ്വേ സ്കെച്ചും ലഭ്യമാക്കാമോ;

(ഡി) കൊണ്ടോട്ടി താലൂക്കിലെ ചേലമ്പ്ര വില്ലേജിലെ പുല്ലിപ്പുഴയുടെ സർവ്വേ നമ്പരും എഫ്.എം.ബി. സ്കെച്ചും ലഭ്യമാക്കാമോ?

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

4516. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ജില്ലയ്ക്കും വേണ്ടി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്ര തുക വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം</u>

T 4517. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതുവരെയായി എത്ര പുതിയ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി നാളിതുവരെ എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ ?

<u>ഭവനനിർമ്മാണ വകുപ്പിന്റെ പുനഃരുദ്ധാരണം</u>

4518. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന് നിലവിൽ എത്രകോടി രൂപയുടെ ബാധ്യതയാണുള്ളത്; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനനിർമ്മാണ വകുപ്പിന്റെ പുനഃരുദ്ധാരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഇന്നോവേറ്റീവ് ഭവന പദ്ധതി</u>

4519. ശ്രീ.പി.കെ.ബഷീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഭവനനിർമ്മാണ വകുപ്പിന് കീഴിലുള്ള ഇന്നോവേറ്റീവ് ഭവന പദ്ധതി പ്രകാരം എത്ര ആളുകൾക്ക് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>പീരുമേട് മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പ് പ്രവൃത്തികൾ</u>

4520. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പ് ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ പേര്, കരാർ ഏറ്റെടുത്തിട്ടുള്ള ഏജൻസി എന്നീ ക്രമത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും നിർമ്മാണപുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ</u>

4521. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തീരദേശ വികസന കോർപ്പറേഷൻ മുഖേന കാസർകോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

<u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>

4522. ശ്രീ.എ. എൻ. ഷംസീർ

,, കെ. ദാസൻ

,, വി. ജോയി

,, കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പഞ്ഞമാസക്കാലയളവിൽ എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എപ്രകാരമാണെന്നും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുക സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും വിധം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ</u>

4523. ശ്രീ.കെ. രാജൻ

,, ജി.എസ്.ജയലാൽ

ശ്രീമതി സി.കെ. ആശ

ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണത്തിനും സമഗ്രവികസനത്തിനുമായി രൂപീകരിച്ച സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെന്റെ (സാഫ്) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സാഫ് ധനസഹായം നൽകുന്നുണ്ടോ;

(സി) മത്സ്യത്തൊഴിലാളികളുടെ സംരംഭങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനുള്ള പരിശീലന പരിപാടികൾ സാഫ് മുഖേന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളായ വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് മുക്തമാക്കുന്നതിന് സാഫ് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ഇ) മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനും ഉദ്ധാരണത്തിനുമായി മറ്റെന്തെല്ലാം പരിപാടികളാണ് സാഫ് നടത്തി വരുന്നത് എന്നറിയിക്കുമോ?

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ</u>

4524. ശ്രീ.മുല്ലക്കര രത്നാകരൻ

,, ഇ.കെ.വിജയൻ

,, ഇ.ടി. ടൈസൺ മാസ്റ്റർ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ പെൻഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികളെയും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് കവറേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

<u>മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പഞ്ഞമാസ ആനുകൂല്യം</u>

4525. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വരുമ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ ക്ഷേമനിധി അംഗത്വമുള്ളവർക്കും അല്ലാത്തവർക്കും നൽകി വന്നിരുന്ന പഞ്ഞമാസ ആനുകൂല്യം എത്ര രൂപയായിരുന്നുവെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ അവസാന കാലത്ത് ഈ തുക കുടിശ്ശിക ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ എത്ര രൂപയായിരുന്നു;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ ആനുകൂല്യം വർദ്ധിപ്പിച്ച് എത്ര രൂപയായാണ് ഇപ്പോൾ നൽകി വരുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത തുകയിൽ കേന്ദ്രസർക്കാർ വിഹിതമുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) കേന്ദ്രസർക്കാർ വിഹിതത്തിൽ ഇപ്പോൾ കുടിശ്ശിക ഉണ്ടോ; വിശദമാക്കാമോ?

<u>കടലിൽ അപകടത്തിൽപ്പെടുന്ന വള്ളങ്ങൾ കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങൾ</u>

4526. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടത്തിൽപ്പെടുന്ന വള്ളങ്ങളും അപകടത്തിൽപ്പെട്ട സ്ഥലവും വേഗത്തിൽ കണ്ടെത്താനായി ഐ.എസ്.ആർ.ഒ. യുടെ സാങ്കേതിക സഹായത്താൽ നിർമ്മിച്ച ബീക്കണുകൾ ഫിഷറീസ് വകുപ്പ് നേരത്തെ നൽകിയിരുന്നെങ്കിലും പല വള്ളങ്ങളിലും ഇത് ഉപയോഗിക്കാത്ത സാഹചര്യമുണ്ടോ;

(ബി) ഈ കാരണം അപകടങ്ങൾ സംഭവിച്ചാൽ കോസ്റ്റ് ഗാർഡിന് അറിയാൻ കഴിയാത്ത അവസ്ഥയുണ്ടോ;

(സി) ബീക്കണുകൾ ഉപയോഗിക്കുകയാണെങ്കിൽ കൈവരുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ബീക്കണുകൾക്കു പുറമെ എന്തെല്ലാം ഉപകരണങ്ങളും സാമഗ്രികളുമാണ് ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് നൽകിയത്;

(ഇ) ഉപകരണങ്ങൾ സ്വീകരിക്കാത്തതിന്റെ കാരണമായി മത്സ്യത്തൊഴിലാളികൾ പറയുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ

4527. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂരിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) ഫ്ലാറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ 2020 സെപ്റ്റംബർ മാസത്തിന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) ഫ്ലാറ്റിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദീകരിക്കാമോ?

## തീരദേശമേഖലയിലെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

4528. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം സംസ്ഥാനത്തെ തീരദേശമേഖലയിലെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഏതൊക്കെ സ്കൂളുകളെയാണ് ഉൾപ്പെടുത്തിയതെന്നും ആയതിന്റെ പ്രവൃത്തി പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## ഓഖി പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണം

4529. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി പുനരധിവാസ പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇനി എന്തെല്ലാം പദ്ധതികളാണ് അവശേഷിക്കുന്നത്; പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പ്രളയ ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും

4530. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകിയ ഇനത്തിൽ സർക്കാർ നാളിതുവരെ എത്ര രൂപ ചെലവഴിച്ചെന്നും എത്ര പേർക്ക് സഹായം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ചെന്നിത്തല, പാണ്ടനാട്, ഇരമല്ലിക്കര എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന എത്ര അപേക്ഷകർക്ക് സഹായം നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉദുമ നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതി

4531. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ കോട്ടിക്കുളം, പള്ളിക്കര മത്സ്യ വില്ലേജുകളിലായി വേലിയേറ്റ മേഖലയിൽ നിന്ന് അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന എത്ര കുടുംബങ്ങളുണ്ട്;

(ബി) ഇവർക്ക് ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം പദ്ധതിയിൽ വീട് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രദേശത്തെ ബേക്കൽ കുറുംബ ഭഗവതി ക്ഷേത്രം ഭരണസമിതി അവരുടെ കൈവശമുള്ള ഒന്നര ഏക്കർ സ്ഥലം വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കാൻ സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടും വകുപ്പ് താല്പര്യം കാണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോട്ടിക്കുളം, പള്ളിക്കര മത്സ്യ വില്ലേജുകളിലെ കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയും ബേക്കൽ കുറുംബ ഭഗവതി ക്ഷേത്രം ഭരണസമിതി സൗജന്യമായി നൽകാമെന്ന് അറിയിച്ച ഭൂമി പ്രയോജനപ്പെടുത്തിയും വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

മണലൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

4532. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചു എന്ന് അറിയിക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

നിലമ്പൂർ ആസ്ഥാനമായി ഉൾനാടൻ മത്സ്യഭവൻ

4533. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആസ്ഥാനമായി ഉൾനാടൻ മത്സ്യഭവൻ ആരംഭിക്കുന്നതിന് വാടക കെട്ടിടമോ താൽക്കാലിക സംവിധാനങ്ങളോ കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കണ്ടെത്തിയ വാടക കെട്ടിടം ഓഫീസ് ആവശ്യത്തിന് ഉപയോഗയോഗ്യമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതും പ്രതിമാസ വാടക നിശ്ചയിക്കേണ്ടതും ആരാണെന്നും അതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്നും വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിലമ്പൂരിൽ ഉൾനാടൻ മത്സ്യബന്ധന ഓഫീസ് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

<u>വള്ളിക്കുന്ന് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ</u>

4534. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ മിനിസ്റ്റേഡിയത്തിന്റെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതിക്കായി സാങ്കേതിക വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ?

<u>പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

4535. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന്റെ (സി.ഡബ്ല്യു.പി.ആർ. എസ്) പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹാർബറിനായുള്ള പരിസ്ഥിതി പഠനം ഇതിനകം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) പരവൂരിലെ നിർദ്ദിഷ്ട മിനി ഫിഷിംഗ് ഹാർബറിനായുള്ള പഠനങ്ങൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതി നല്കിയ പ്രവൃത്തികൾ</u>

4536. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുക അനുവദിച്ച് ഭരണാനുമതി നല്കിയ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>കശുവണ്ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി</u>

4537. ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി സി.കെ. ആശ
,, ഗീതാ ഗോപി
ശ്രീ.വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിൽ വിശേഷിച്ചും സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ കാര്യത്തിൽ നിലവിലുള്ള മന്ദത നീക്കി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) സ്വകാര്യ കശുവണ്ടി വ്യവസായികൾക്ക് വ്യവസായത്തിനായി നല്കുന്ന വായ്പയുടെ പലിശ ഏകീകരിക്കുന്നത് സർക്കാർ മുൻകയ്യെടുത്ത് ബാങ്കുകളെക്കൊണ്ട് അംഗീകരിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുന:ക്രമീകരിക്കുന്നതിനും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനും ബാങ്കുകൾ സമ്മതിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നല്കുന്ന വായ്പയുടെ പലിശ ഒരു വർഷത്തേക്ക് സർക്കാർ ഏറ്റെടുക്കുമോ; വ്യക്തമാക്കുമോ;

(ഇ) കശുവണ്ടി മേഖലയിലെ പുനരുദ്ധാരണ പാക്കേജിൽപ്പെട്ട വ്യവസായികൾ സംസ്ഥാന സർക്കാരിലേക്ക് അടക്കേണ്ട നികുതി ബാദ്ധ്യതയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) പുനരുദ്ധാരണ പാക്കേജിലെ മറ്റ് പ്രധാനപ്പെട്ട വിവരങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,
തിരുവനന്തപുരം, സെക്രട്ടറി,
12-03-2020

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.